19
2024
നവംബർ
ചൊവ്വ
വൃശ്ചികം 4

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.11 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-11 പേജ് 4. വില 2.00 രൂപ

02 കെഎസ്ആർടിസി ആദ്യ ആഴ്ച ശമ്പളം വിതരണം ചെയ്യും : ഗണേഷ് കുമാർ

03 ഇറാന്റെ ആണവായുധ കേന്ദ്രം ഇസ്രയേൽ തകർത്തതായി റിപ്പോർട്ട്

04 ആരെതിർത്താലും വഖഫ് നിയമം ഭേദഗതി ചെയ്യുമെന്ന് അമിത് ഷാ

# മത്സ്യവ്യവസായത്തെ പിളർന്നുകൊണ്ട് ഹൈവേ

**യേശുദാസ് വില്യം**



കൊല്ലം/ശക്തികുളങ്ങര/നീണ്ടകര: നാഷണൽ ഹൈവേ (എൻ.എച്ച്.66) വികസനത്തിന്റെ ഭാഗമായി നീണ്ടകര ശക്തികുളങ്ങര പാലങ്ങളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.പഴയ പാലത്തിനെക്കാൾ മീറ്ററുകളോളം ഉയർന്നു പൊങ്ങി കരയിൽ ലാൻഡു ചെയ്യുന്ന രീതിയിലാണ് രണ്ടു പാലങ്ങളുടെയും നിർമ്മിതി. പാലത്തിൽ നിന്നും കൊല്ലം ഭാഗത്തേക്കും ആലപ്പുഴ ഭാഗത്തേക്കും തുടർന്നുള്ള റോഡ് അൻപതു മീറ്ററോളം ഉയരത്തിലാണ് ഒരുങ്ങുന്നത്.കേരളത്തിലെ ഏറ്റവും വലിയ മൽസ്യബന്ധന തുറമുഖവും,ഫിഷ് ലാൻഡിംഗ് സെന്ററും കേന്ദ്രീകരിച്ചിരിക്കുന്നത് ശക്തികുളങ്ങര നീണ്ടകര പ്രദേശത്താണ്..ഇൻഡ്യയിലാദ്യമായി നോർവ്വീജിയൻ പ്രോജക്ട് നടപ്പിലാക്കുകയും യന്ത്രവൽകൃത മൽസ്യബന്ധനത്തിന്റെ ഈറ്റില്ലവുമാണ് ഈ തീരങ്ങൾ. പുതിയ റോഡ് യാഥാർത്ഥ്യമാവുമ്പോൾ പാലത്തിനിരുപുറവുമുള്ള തുറമുഖ അനുബന്ധ വ്യവസായ പ്രദേശങ്ങൾ പൂർണ്ണമായും രണ്ടായി വിഭജിക്കപ്പെടും.കാരണം ഇരുപതു മീറ്റർ ഉയരത്തിൽ മണ്ണിട്ട് ഉയർത്തിയാണ് റോഡ് നിർമ്മിതി.

അഷ്ടമുടിക്കായൽ അറബിക്കടലിൽ സംഗമിക്കുന്ന അഴിമുഖം പ്രകൃതിദത്തമായതാണ്.വിഴിഞ്ഞത്ത് കപ്പലുകൾക്കടുക്കുവാൻ അനുയോജ്യമാണന്നു പറയുന്നതു പോലെയാണ് മൽസ്യബന്ധനത്തിന് നീണ്ടകര ശക്തികുളങ്ങര തുറമുഖങ്ങൾ അനുയോജ്യമാകുന്നത്.തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഒരു ദിവസം വന്നു പോകുന്നതിനേക്കാൾ വാഹനങ്ങളും ജനസഞ്ചയവും നീണ്ടകര ശക്തികുളങ്ങര ഹാർബറുകളിൽ വന്നു പോകുന്നു.ഹാർബറുകളുടെ ജീവശ്വാസമാണ് റോഡുകൾ അതു പരമാവധി അനായാസ ചരക്കുനീക്കത്തിനും വേഗതയാർന്ന സഞ്ചാരത്തിനും അനുയോജ്യമാകണം.ഹാർബറുമായി ബന്ധപ്പെട്ടു കിടക്കുന്ന പീലിംഗ് ഷെഡ്ഡുകൾ,മൽസ്യോൽപ്പന്ന കയറ്റുമതി സ്ഥാപനങ്ങൾ,ഫ്രീസിംഗ് പ്ലാന്റുകൾ,ഐസ് ഫാക്ടറികൾ ഇവയെല്ലാം മീഡിയൻ റോഡു വരുന്നതോടെ വിഭജിക്കപ്പെടും.

നെത്തോലി മുതൽ നെടുമാൻ വരെ ലാൻഡു ചെയ്യുന്ന തുറമുഖങ്ങളാണ് രണ്ടും.പരമ്പരാഗത മൽസ്യത്തൊഴിലാളികൾ,യന്ത്രവൽകൃത ട്രോളിംഗ് മൽസ്യബന്ധനം,അന്യസംസ്ഥാനങ്ങളിൽ നിന്നും മൽസ്യബന്ധനത്തിനായി വരുന്ന ചൂണ്ട വള്ളങ്ങൾ,ട്രോളിംഗ് ബോട്ടുകൾ തുടങ്ങി ആയിരക്കണക്കിനു യാനങ്ങളും,പതിനായിരക്കണക്കിനു കടൽ പണിക്കാരും വർഷത്തിൽ മുഴുവനും ഇവിടെ കേന്ദ്രീകരിക്കുന്നു.ശരാശരി എഴുപതിലേറെ കൂറ്റൻ കണ്ടെയ്നർ ലോറികൾ ദിനംപ്രതി ഈ രണ്ടു ഹാർബറുകളിലും വന്നു പോകുന്നു.ഇവരുടെ സഞ്ചാരവും യാത്രാ മാർഗ്ഗവും നിർവ്വചിക്കപ്പെട്ടിട്ടില്ല.സർവ്വീസ് റോഡും അനുബന്ധ സംവിധാനവും ഒരുങ്ങുമെന്നു പ്രതീക്ഷിക്കുന്നു.നാഷണൽ ഹൈവേ വികസനം നടക്കുമ്പോൾ നിരവധി പ്രദേശങ്ങളിൽ പ്രതിഷേധവും സമരവും കൊണ്ടു രൂപരേഖകൾ മാറ്റിച്ചിട്ടുണ്ട്.പിന്നെന്തുകൊണ്ടു ഇവിടെ അതൊന്നും ചെയ്തില്ല എന്ന ചോദ്യം ചിലരെങ്കിലും ചോദിച്ചേക്കാം.

ഇതുപോലെയുള്ള കോമേഴ്സ്യലി പ്രാധാന്യമുള്ള പ്രദേശങ്ങൾക്കായിട്ടാണ് എലിവേറ്റഡ് ഹൈവേയും അനുബന്ധ സൗകര്യങ്ങളും വരേണ്ടത്.ആരും സമരം ചെയ്തിട്ടല്ല ഇൻഡോനോർവ്വീജിയൻ പ്രോജക്ട് ഇവിടെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയത്.ഈ പ്രദേശത്തിന്റെ പ്രകൃതിദത്തമായ ഘടന ബോധ്യപ്പെട്ടിട്ടു തന്നെയാണ്.തുടർച്ചയായി സമുദ്രോൽപ്പന്ന കയറ്റുമതിയിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തുള്ള ആവില നെറ്റോസ് ഫിഷറീസ് റോഡ് വിഭജനം വന്നാൽ സംഭവിക്കുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി പലതവണ അധികൃതരോട് ആവിശ്യപ്പെട്ടെങ്കിലും ഒന്നിനും മറുപടി ലഭിച്ചില്ലെന്ന് ബാബു നെറ്റോസ് (ആവില ഫിഷറീസ്) പറഞ്ഞു.പ്രമുഖ കയറ്റുമതി സ്ഥാപനങ്ങൾ റോഡിന്റെ ഇരു ഭാഗത്തുമായി ഒറ്റപ്പെടുകയും ചരക്കു നീക്കങ്ങൾ ആയസകരമാവുകയും ചെയ്യും.പാലത്തിൽ നിന്നും തൊട്ടടുത്ത ജംഗ്ഷൻ വരെയെങ്കിലും തൂണുകളിൽ ഉയർന്നു നിൽക്കുന്ന ആകാശപ്പാത വേണമെന്നാണ് ഇവരുടെ ആവിശ്യം.ഇക്കാര്യം എൻ കെ പ്രേമചന്ദ്രൻ എം പിയോടും പറഞ്ഞെങ്കിലും പ്രയോജനമുണ്ടായില്ല.

കേരള ഫിഷറീസ് വകുപ്പ് ശക്തികുളങ്ങര നീണ്ടകര തുറമുഖങ്ങൾ കേന്ദ്രീകരിച്ച് വൻ വികസന പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്.അന്താരാഷ്ട്ര നിലവാരത്തിലുള്ള കോംപ്ലക്സും,മൽസ്യ മാർക്കറ്റ്,തുടങ്ങി വൻ പദ്ധതികൾ.തിരുവനന്തപുരത്തു നിന്നും കൊച്ചിയിലേക്കും,വടക്കോട്ടും പോകുന്ന യാത്രികർക്ക് അനായാസം സന്ദർശിക്കുവാൻ പകത്തിലുള്ള കേന്ദ്രമാക്കി മാറ്റുമെന്നും ഫിഷറീസ് മന്ത്രി സജി ചെറിയാൻ പ്രഖ്യപിച്ചു പ്രവർത്തനവും പാതി വഴിയിലാണ്.ഹാർബറിന്റെ പ്രവേശന കവാടവും പുറത്തേക്കു പോകാനുമുള്ള വഴികൾ ഇപ്പോഴും തീരുമാനിച്ചിട്ടില്ല.

ഇതിനു പുറമെയാണ് തീരദേശ പാത വരുന്നത് കൊല്ലത്തു നിന്നും കടൽ തീരത്തു കൂടി വരുന്ന ഹൈവേ ശക്തികുളങ്ങര തീരമേഖലയെ പൂർണ്ണമായും പിളർന്നു കൊണ്ടാണ് വരുന്നത്.എന്നാൽ തങ്കശ്ശേരിയിൽ നിന്നും കാവനാടു വന്നു ചേരുന്ന തരത്തിൽ വിഭാവന ചെയ്തിരുന്നെങ്കിൽ പത്തു സ്ക്വെയർ കിലോമീറ്റർ ചുറ്റളവിൽ കിടക്കുന്ന ശക്തികുളങ്ങരയുടെ തീരം പകുത്തു കൊണ്ടുള്ള പാത ഒഴിവാക്കാമായിരുന്നു.രാഷ്ട്രീയ നേതൃത്വത്തിന്റെ പ്രായോഗികമായ ഇടപെടലിന്റെ അഭാവം ഇക്കാര്യങ്ങളിലുണ്ട് എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.ഇച്ഛാശക്തിയുള്ള രാഷ്ട്രീയ നേതൃത്വമോ,കാഴ്ചപ്പാടുള്ള ജനപ്രതിനിധികളുടെ അഭാവവുമാണ് ഇത്തരം വീഴ്ചകളിലേക്കു നാടിനെ കൊണ്ടെത്തിക്കുന്നതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.ഈ സാഹചര്യത്തിലാണ് ബേബിജോണിനെപ്പോലുള്ള രാഷ്ട്രീയ നേതാക്കളുടെ നഷ്ടത്തിന്റെ വ്യാപ്തി വ്യക്തമാവുന്നത്.

# വിഴിഞ്ഞം കോൺക്ലേവ്: തുറമുഖേതര നിക്ഷേപങ്ങളിലേക്കും വഴിതുറക്കും



തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നിക്ഷേപ സാധ്യതകൾ പരിശോധിക്കുന്നതിനായി ജനുവരിയിൽ നടക്കുന്ന ആദ്യത്തെ രാജ്യാന്തര കോൺക്ലേവിൽ തുറമുഖേതര വ്യവസായങ്ങളെ വിഴിഞ്ഞവുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾക്ക് വഴിതുറക്കും. അടിസ്ഥാന സൗകര്യ വികസനത്തിനൊപ്പം വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി, മാനുഫാക്ചറിംഗ് മേഖലകളിലെ നിക്ഷേപ സാധ്യതകൾ ഈ രംഗത്തെ വിദഗ്ദ്ധർ അവതരിപ്പിക്കും.

കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ, കണ്ടെയ്നർ യാർഡ്, എക്യുപ്മെന്റ് റിപ്പയർ യൂണിറ്റുകൾ, വെയർഹൗസുകൾ, ലോജിസ്റ്റിക്സ് പാർക്കുകൾ തുടങ്ങി ഷിപ്പിംഗുമായി ബന്ധപ്പെട്ട ഒട്ടേറെ സാധ്യതകൾ വിഴിഞ്ഞം മുന്നോട്ടുവയ്ക്കുന്നുണ്ട്. അതോടൊപ്പം പാരമ്പര്യേതര ഊർജം, ഫിഷറീസ്, അക്വാകൾച്ചർ തുടങ്ങിയവയിലെ നിക്ഷേപസാധ്യതകളും കോൺക്ലേവ് അനാവരണം ചെയ്യും. ജനുവരി 29നും 30നും തിരുവനന്തപുരം ഹയാത്ത് റീജൻസിയിലാണ് കോൺക്ലേവ് നടക്കുക.

ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസിന്റെ സഹകരണത്തോടെ കെഎസ്ഐഡിസി, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്നിവ ചേർന്ന് സംഘടിപ്പിക്കുന്ന 'വിഴിഞ്ഞം കോൺക്ലേവ് 2024, ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ്' മുഖ്യമന്ത്രി പിണറായി വിജയനായിരിക്കും ഉദ്ഘാടനം ചെയ്യുക. വിഴിഞ്ഞം തുറമുഖം പൂർണമായും പ്രവർത്തനസജ്ജമാകുന്നതിനൊപ്പംതന്നെ അതോടനുബന്ധിച്ചുള്ള വ്യാവസായിക സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുകയാണ് കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നത്. രാജ്യത്തെ മറ്റ് തുറമുഖങ്ങളോടനുബന്ധിച്ച് വിജയകരമായ രീതിയിൽ നടത്തപ്പെടുന്ന വ്യവസായങ്ങളുടേയും കമ്പനികളുടേയും പ്രതിനിധികൾ കോൺക്ലേവിൽ പങ്കെടുക്കും.

മറ്റു തുറമുഖങ്ങളോടനുബന്ധിച്ചുള്ള കമ്പനികളെ ഇവിടെ നിക്ഷേപം നടത്താൻ പ്രേരിപ്പിക്കുന്നതിനൊപ്പം കേരളത്തിനകത്തുള്ള കമ്പനികൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയുടെ നിക്ഷേപ സാധ്യതകളും വിശകലനം ചെയ്യും. നിക്ഷേപം നടത്താൻ താൽപര്യപ്പെടുന്നവർക്ക് മാർഗനിർദേശം നൽകുന്ന സെഷനുകൾക്ക് കോൺക്ലേവിൽ പ്രാധാന്യം നൽകും. ബിസിനസ് ലീഡർമാരുമായി പ്രതിനിധികൾക്ക് നേരിട്ട് സംവദിക്കാനുള്ള അവസരമായിരിക്കും പ്രധാനമായും ഒരുക്കുക. നിക്ഷേപക കേന്ദ്രീകൃതമായ നയങ്ങളും നേട്ടങ്ങളും കോൺക്ലേവിൽ അവതരിപ്പിക്കപ്പെടും.

സംസ്ഥാനത്ത് വലിയതോതിൽ നിക്ഷേപം കൊണ്ടുവരുന്നതിനൊപ്പം തുറമുഖം നേരിട്ട് ഒരുക്കുന്നതിന്റെ പതിന്മടങ്ങ് തൊഴിൽ സാധ്യതകളാണ് അനുബന്ധവ്യവസായങ്ങളിലൂടെ ഉണ്ടാകുക. ഇതേപ്പറ്റി പ്രാദേശിക സമൂഹങ്ങളെ ബോധവൽക്കരിക്കുന്നതിനും എല്ലാവരേയും ഉൾക്കൊള്ളുന്ന മാതൃകയാക്കി വിഴിഞ്ഞത്തെ വളർത്തിയെടുക്കുന്നതിനുമുള്ള ശ്രമങ്ങൾക്ക് കോൺക്ലേവിൽ തുടക്കമാകും. പദ്ധതി പ്രദേശത്തിനൊപ്പം വികസിപ്പിക്കുന്ന ഔട്ടർ ഏരിയ ഗ്രോത് കോറിഡോർ പദ്ധതിയുടെ വ്യാവസായിക സാധ്യതകളും കോൺക്ലേവിന്റെ അജണ്ടയിലുണ്ട്. ആഗോള വിതരണ ശൃംഖലയിൽ കേരളത്തിന്റെ പങ്കാളിത്തം ശക്തിപ്പെടുത്താനും ഇന്ത്യയുടെ സമുദ്രസമ്പദ്‌വ്യവസ്ഥയെ പരിപോഷിപ്പിക്കാനും കോൺക്ലേവ് ലക്ഷ്യമിടുന്നുണ്ട്. രജിസ്റ്റർ ചെയ്യുന്ന 300 പ്രതിനിധികൾക്കാണ് കോൺക്ലേവിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.

# പാലക്കാടൻ പൂരത്തിന് കൊടിയിറങ്ങി; ഇനി നിശബ്ദ പ്രചാരണം

പാലക്കാട്: ആവേശം വാരി വിതറിയ കലാശക്കൊട്ടോടെ പാലക്കാട് ഉപതെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം അവസാനിച്ചു. ഇനി നിശബ്ദ പ്രചാരണത്തിലേക്ക് കടക്കും. മൂന്നു മുന്നണികളുടെയും ആയിരക്കണക്കിന് പ്രവർത്തകരാണ് കലാശക്കൊട്ടിൽ പങ്കെടുത്തത്.

മൂന്നു മുന്നണികളുടെയും പ്രവർത്തകരാൽ പാലക്കാട്ടെ വീഥികളെല്ലാം നിറഞ്ഞിരുന്നു. യുഡിഎഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ റോഡ് ഷോ ഒലവക്കോട് നിന്നാണ് ആരംഭിച്ചത്. നീല ട്രോളി ബാഗുമായിട്ടാണ് രാഹുൽ മാങ്കൂട്ടത്തിൽ കലാശക്കൊട്ടിനെത്തിയത്. സന്ദീപ് വാര്യരും രമേശ് പിഷാരടിയും റോഡ്ഷോയിൽ രാഹുലിനൊപ്പം പങ്കെടുക്കുന്നുണ്ട്. എൽഡിഎഫ് സ്ഥാനാർഥി ഡോ. പി. സരിന്റെ റോഡ്ഷോ വൈകുന്നേരം നാലോടെ സിപിഎം ജില്ലാ കമ്മിറ്റി ഓഫീസിൽ നിന്നും ആരംഭിച്ചു. പി. സരിനൊപ്പം എം. ബി. രാജേഷും റോഡ്ഷോയിൽ പങ്കെടുത്തു.



# ജാതിപറഞ്ഞ് അധിക്ഷേപിച്ചെന്നു പരാതി; തിരുവനന്തപുരത്ത് വീണ്ടും ശുചീകരണ തൊഴിലാളികളുടെ പ്രതിഷേധം

തിരുവനന്തപുരം: നഗരസഭയിൽ സ്വകാര്യ ശുചീകരണ തൊഴിലാളികളുടെ പ്രതിഷേധം. ആത്മഹത്യാ ഭീഷണി മുഴക്കിയ ശുചീകരണ തൊഴിലാളികൾ നഗരസഭാ കവാടത്തിനു മുകളിൽ കയറിയാണ് പ്രതിഷേധിക്കുന്നത്. നാല് തൊഴിലാളികളാണ് നഗരസഭയുടെ കവാടത്തിന് മുകളിൽ കയറി പ്രതിഷേധിക്കുന്നത്. നഗരസഭയുടെ ഗേറ്റിന് ഇരുവശവും മറ്റ് തൊഴിലാളികൾ മുദ്രാവാക്യം വിളിച്ച് പ്രതിഷേധിക്കുകയാണ്.

കയറും പെട്രോൾ നിറച്ച കുപ്പിയുമായാണ് തൊഴിലാളികളുടെ പ്രതിഷേധം. താഴെയിറങ്ങില്ല, സമരവുമായി മുന്നോട്ട് പോകുമെന്നുമാണ് തൊഴിലാളികൾ പറയുന്നത്. അഗ്നിശമന സേന സ്ഥലത്തെത്തിയിട്ടുണ്ട്.

തൊഴിലാളികളുടെ മാലിന്യം ശേഖരിക്കുന്ന 12 ഓളം വാഹനങ്ങൾ പിടിച്ചെടുത്തിരുന്നു. അത് വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ 43 ദിവസമായി സ്വകാര്യ ശുചീകരണ തൊഴിലാളികൾ കോർപ്പറേഷന് മുന്നിൽ കുടിൽകെട്ടി സമരം നടത്തുകയാണ്.

പിടിച്ചെടുത്ത വാഹനങ്ങൾ വിട്ട് നൽകുന്നതുമായി ബന്ധപ്പെട്ട ചർച്ചയിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയ!ർപേഴ്സൺ ഗായത്രി ബാബു ജാതീയമായി അധിക്ഷേപിച്ചെന്നാണ് പുതിയ ആരോപണം. ഇവർ ഒരു പ്രത്യേക വിഭാഗമാണെന്നും സമൂഹത്തിൽ താഴെയുള്ളവരാണെന്നും കൂടുതൽ അനുകമ്പ കാണിക്കേണ്ടതില്ലെന്നുമായിരുന്നു ഗായത്രിയുടെ പരാമ!ർശമെന്ന് തൊഴിലാളികൾ പറയുന്നു. ഇതേ തുട!ർന്നാണ് ഇന്ന് രാവിലെ മുതൽ കോർപ്പറേഷൻ കവാടത്തിന് മുകളിൽ കയറി പ്രതിഷേധം തൊഴിലാളികൾ കടുപ്പിച്ചത്.

നേരത്തെ ഈ വാഹനങ്ങൾ തിരികെ നൽകാമെന്ന് മേയർ ആര്യ രാജേന്ദ്രൻ ഉറപ്പ് നൽകിയിരുന്നു. എന്നാൽ ഹൈക്കോടതിയിൽ പോയി ബോണ്ട് വെച്ച് വാഹനങ്ങൾ തിരിച്ചെടുക്കാനാണ് മേയർ നിലവിൽ അറിയിച്ചതെന്ന് തൊഴിലാളികൾ പറയുന്നു.

# കന്യാകുമാരി റെയിൽപാത ഇരട്ടിപ്പിക്കൽ: നേമം കോലിയക്കോട്ടെ നിവാസികളുടെ വഴിയടഞ്ഞു: അടിപ്പാത വേണമെന്ന് ആവശ്യം

നേമം : തിരുവനന്തപുരം കന്യാകുമാരി റെയിൽപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായുള്ള നവീകരണത്തെ തുടർന്ന് നേമം എസ്റ്റേറ്റിന് സമീപം കോലിയക്കോട്ട് നാട്ടുകാരുടെ വഴിയടഞ്ഞു.ഇതോടെ ഇവിടെ അടിപ്പാത വേണമെന്നാണ് നാട്ടുകാർ ആവശ്യം. തമ്പാനൂരിനും തിരുവനന്തപുരം സൗത്തായി മാറിയ നേമം റെയിൽവേ സ്റ്റേഷനും ഇടയിലാണ് കോലിയക്കോട് പ്രദേശം. അമ്മവീട് റോഡു വഴി കരമന കളിയിക്കാവിള പാതയിൽ കാരയ്ക്കാമണ്ഡപത്തേയ്ക്കും തിരിച്ച് പാപ്പനംകോട് മലയിൻകീഴ് റോഡിലേയ്ക്കും പ്രവേശിക്കുന്നതിന് നിലവിലെ റെയിൽപാത മറികടന്നാണ് നാട്ടുകാർ പോകുന്നത്.

പാത ഇരട്ടിപ്പിക്കലിന്റെയും നേമം ടെർമിനലിന്റെയും ഭാഗമായി പാളങ്ങളുടെ എണ്ണം കൂടുമ്പോൾ നാട്ടുകാരുടെ സഞ്ചാരവും ദുഷ്കരമാകും. ഇപ്പോൾ മണ്ണിട്ട് പാത ഉയർത്തുന്ന ജോലികൾ നടന്നുവരികയാണ് ഇതിനിടയിലൂടെയാണ് നാട്ടുകാർ ബുദ്ധിമുട്ടി യാത്ര ചെയ്യുന്നത്.തിരുവിതാംകൂർ ദേവസ്വത്തിന് കീഴിൽ വരുന്ന വെള്ളായണി ദേവിക്ഷേത്രത്തിലെ പ്രസിദ്ധമായ ദിക്കുബലികളിലൊന്ന് നടക്കുന്നതും കോലിയക്കോട്ടാണ്.

ഭക്തജനങ്ങളുടെ സുരക്ഷിതത്വവും നാട്ടുകാരുടെ യാത്ര സൗകര്യവും പരിഗണിച്ച് അടിപ്പാത നിർമിക്കണമെന്നാണ് വിവിധ റസിഡൻറ്സ് അസോസിയേഷനുകളും സംഘടനകളും ആവശ്യപ്പെടുന്നത്. റെയിൽവേ ഡിവിഷണൽ മാനേജർക്കും ജനപ്രതിനിധികൾക്കും നിവേദനം നൽകിയിരുന്നെങ്കിലും ഒരു നടപടിയും ഉണ്ടായിട്ടില്ല.

# ലോട്ടറി ക്ഷേമ പദ്ധതിയിൽ നിന്ന് 35 കോടി ചെലവാക്കി: കെ.എൻ. ബാലഗോപാൽ

കൊല്ലം സംസ്ഥാനത്തെ ലോട്ടറി ഏജൻറുമാർക്കും, വില്പനക്കാർക്കുമായി വിപുലമായ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ.

ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്കുള്ള സൗജന്യ യൂണിഫോം വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കടപ്പാക്കട സ്പോർട്സ് ക്ലബിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. അർഹരായവർക്കുള്ള ഭവനനിർമാണം, മുച്ചക്ര വാഹന വിതരണം, ബീച്ച് അമ്പ്രല്ല വിതരണം തുടങ്ങിയ പദ്ധതികൾ തുടരും.കഴിഞ്ഞ വർഷം 35 കോടിയിലധികം രൂപയാണ് ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ചത്. കേരളത്തിലെ പോലെ കാര്യക്ഷമമായ ലോട്ടറി സംവിധാനം മറ്റെങ്ങുമില്ല. ഒട്ടേറെ പേർക്ക് തൊഴിൽ നൽകുന്നതിലൂടെ മാന്യമായ ഉപജീവനമാർഗവും ലഭ്യമാക്കുന്ന മേഖലയാണിത്.

ജില്ലയിലെ ലോട്ടറി ഓഫീസുകൾ താഴത്തെ നിലയിൽ ആക്കുകയും ജീവനക്കാർക്ക് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

എം. മുകേഷ് എംഎൽഎ അധ്യക്ഷനായി. മേയർ പ്രസന്ന ഏണസ്റ്റ് മുഖ്യ അതിഥിയായി. സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് ചെയർമാൻ ടി.ബി. സുബൈർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ്. ഏബ്രഹാം റെൻ, സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ എ. നൗഷാദ്,

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഡോ. പി.കെ. ഗോപൻ, ജില്ലാ ഭാഗ്യക്കുറി ഓഫീസർ വി.എസ്. സജിത, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ അഡ്വ. ജി. മുരളീധരൻ, യൂണിയൻ പ്രതിനിധികളായ എസ്. ബിജു, ഒ.ബി. രാജേഷ്, ഡോ. ജെ. ജയകുമാർ, എം. അൻസറുദീൻ, അലിയാര് കുഞ്ഞ്, ഗിരീഷ് ലാൽ, കെ.ബി. ഷഹാൽ, പേരൂർ ശശിധരൻ, വി. രാജൻപിള്ള തുടങ്ങിയവർ പങ്കെടുത്തു.

## ടീച്ചിംഗ് അസിസ്റ്റന്റ് അഭിമുഖം

കേരള വെറ്ററിനറി സർവ്വകലാശലയ്ക്ക് കീഴിലുള്ള തിരുവനന്തപുരം ഡെയറി സയൻസ് കോളേജിൽ ഒഴിവുള്ള അഞ്ച് ടീച്ചിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ഒരു വർഷത്തേക്കുള്ള താത്കാലിക നിയമനത്തിനായി ഡിസംബർ 10 ന് രാവിലെ 10 മണിക്ക് അഭിമുഖം നടത്തുന്നു. വിശദവിവരങ്ങൾക്ക്: www.kvasu.ac.in

## ഫ്രാഞ്ചൈസികൾക്ക് അപേക്ഷിക്കാം

കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി ഫ്രാഞ്ചൈസികൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. സാങ്കേതിക മേഖലയിലെ നൂതന കോഴ്സുകൾ വ്യാപിപ്പിക്കുന്നതിന്റെ മുന്നോടിയായാണ് ഫ്രാഞ്ചൈസികൾക്ക് തുടക്കമിടുന്നത്. തൊഴിൽ നൈപുണ്യം വളർത്തി എടുക്കുന്നതിന് പ്രാപ്തമായതും നൂതന സാങ്കേതികവിദ്യയായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലിറ്റിക്സ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിലെ കോഴ്സുകൾക്കുമാണ് പ്രമുഖ്യം നൽകുന്നത്. ഐടി കോഴ്സുകൾക്കു പുറമെ ടൂറിസം, ഹോസ്പിറ്റാലിറ്റി മാനേജ്മന്റ്, ലോജിസ്റ്റിക്സ്, ഏവിയേഷൻ, ഹെൽത്ത് കെയർ എന്നീ മേഖലകളിലെ കോഴ്സുകളുടെ നടത്തിപ്പിനുമായാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. അപേക്ഷകൾ 30നകം നിർദ്ദിഷ്ട മാതൃകയിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.lbscetnre.kerala.gov.in, lbsskillcetnre@gmail.com, 0471-2560333

## റിസർച്ച് ഫെലോ ഒഴിവ്

തിരുവനന്തപുരം എൻജിനിയറിങ് കോളേജിലെ മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗത്തിൽ അനുസൻദാൻ നാഷണൽ റിസർച്ച് ഫെല്ലോഷിപ്പ് സ്പോൺസർ ചെയ്യുന്ന പ്രോജക്ടിലേക്ക് ജൂനിയർ റിസർച്ച് ഫെലോ ഒഴിവുണ്ട്. 3 വർഷത്തേക്കാണ് നിയമനം. നവംബർ 25 ന് മുൻപായി അപേക്ഷിക്കണം. വിശദവിവരങ്ങൾക്ക് : https://www.cet.ac.in, rsmini@cet.ac.in, 9447512397.

## രജിസ്ട്രേഷൻ ആരംഭിച്ചു

ഐ.എച്ച്.ആർ.ഡിയുടെ ആഭിമുഖ്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഡിസംബർ 8, 9, 10 തീയതികളിലായി കനകക്കുന്നിൽ നടക്കുന്ന കളഏഅകഎള 2.0 അന്താരാഷ്ട്ര കോൺക്ലേവിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. എഐ കോൺക്ലേവിലേക്കും വിവിധ സെഷനുകളായ എഐ ഹാക്കത്തോൺ, എഐ കോൺഫറൻസ് എന്നിവയിലേക്കും https://icgaife2.ihrd.ac.in/index.php/registration ലിങ്കിലൂടെ രജിസ്ട്രേഷൻ നടത്താം.

## സിനിമാറ്റോഗ്രാഫർ അഭിമുഖം

കേരള വനഗവേഷണ സ്ഥാപനത്തിലെ പ്രോജക്ടിലേക്ക് ഡോക്യുമെന്ററി സിനിമാറ്റോഗ്രാഫറുടെ താത്കാലിക ഒഴിവിലേക്ക് നവംബർ 25ന് അഭിമുഖം നടത്തുന്നു താത്പര്യമുള്ളവർ രാവിലെ 10 മണിക്ക് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലുള്ള ഓഫീസിൽ എത്തണം. വിശദവിവരങ്ങൾക്ക്: www.k-fr-i.r-e-s.in

## വാക്ക് ഇൻ ഇന്റർവ്യൂ

കണ്ണൂർ ഗവ. ആയുർവേദ കോളേജിലെ സംഹിത സംസ്കൃത സിദ്ധാന്ത വകുപ്പിൽ ഒഴിവുള്ള സംസ്കൃത (ന്യായം) അധ്യാപക തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി നിയമനം നടത്തുന്നതിന് നവംബർ 22ന് രാവിലെ 11 മണിക്ക് പരിയാരത്തുള്ള കണ്ണൂർ ഗവ. ആയുർവേദ കോളേജിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ഉദ്യോഗാർഥികൾക്ക് നിലവിലെ യു.ജി.സി റെഗുലേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസറായി നിയമനം നേടുന്നതിനുള്ള യോഗ്യതകൾ ഉണ്ടായിരിക്കണം. നെറ്റ്/പിഎച്ച്ഡി യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ അഭാവത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ 55 ശതമാനം മാർക്കോടു കൂടി പിജിയുള്ളവരെ പരിഗണിക്കും. പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന. ഉദ്യോഗാർഥികൾ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ ശരിപ്പകർപ്പുകളും ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ പകർപ്പുകളും ബയോഡേറ്റയും സഹിതം ഹാജരാകണം.

## കെഎസ്ആർടിസി ആദ്യ ആഴ്ചയിൽ തന്നെ ശമ്പളം വിതരണം ചെയ്യും : ഗണേഷ് കുമാർ

ആദ്യ ആഴ്ചയിൽ തന്നെ കെഎസ്ആർടിസി ജീവനക്കാർക്ക് ശമ്പളം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് ഗതാഗതവകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാർ സെക്രട്ടേറിയറ്റിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു.കെഎസ്ആർടിസി ഒരുമിച്ച് ശമ്പളം വിതരണം ചെയ്യുന്ന മൂന്നാം മാസമാണിത്. ക്രമേണ ഒന്നാം തീയതി തന്നെ ശമ്പളം വിതരണംചെയ്യുമെന്ന് മന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ ശക്തമായ ഇടപെടലിന്റെ ഭാഗമായാണ് ഒരുമിച്ച് ശമ്പളം വിതരണം ചെയ്യാൻ സാധിക്കുന്നത്. ധനകാര്യവകുപ്പ് 50 കോടി രൂപ അനുവദിച്ചതിനെ തുടർന്നാണ് ശമ്പളം വിതരണം ചെയ്തതെന്നും ഗണേഷ് കുമാർ കൂട്ടിച്ചേർത്തു. സമയത്തിന് ശമ്പളം വിതരണം ചെയ്യുമെന്ന് അറിവുണ്ടായിരുന്നിട്ടും കെഎസ്ആർടിസിയിൽ ശമ്പളം വൈകുന്നു എന്നാരോപിച്ച് കഴിഞ്ഞ ദിവസം നടന്ന സമരം ദാർഭാഗ്യകരമാണെന്ന് മന്ത്രി പറഞ്ഞു.

# അരിപ്പ ഭൂസമരം ഒത്തുതീർപ്പിലേക്ക് : മന്ത്രിതല ചർച്ചയിൽ പ്രതീക്ഷയർപ്പിച്ച് സമര സമിതി

അഞ്ചൽ: പതിമൂന്നു വർഷമായി ജില്ലയിലെ കുളത്തൂപ്പുഴ അരിപ്പയിൽ തുടർന്നു വരുന്ന ഭൂസമരം ഒത്തുതീർപ്പിലേക്ക് ഭൂസമരം ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടേയും സമര സമിതി നേതാക്കളുടേയും ചർച്ച കഴിഞ്ഞ ദിവസം നടന്നു.

തിരുവനന്തപുരത്ത് റവന്യൂ മന്ത്രി കെ. രാജന്റെ ഓഫീസൽ നടത്തിയ ചർച്ചയിൽ അർഹരായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ഉറപ്പായിട്ടുണ്ട്. ഇതോടെയാണ് സമരം ഒത്തുതീരാൻ കളമൊരുങ്ങുന്നത്. ഭൂസമരം ചെയുന്നവരിൽ അർഹരായ മുഴുവൻ ആളുകളുടേയും പേരുവിവരങ്ങൾ ശേഖരിക്കുന്നതിനും അവർക്ക് വിതരണം ചെയ്യാനായി ഭൂമി കണ്ടെത്താനും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

ഇതിനായി പുനലൂർ ആർഡിഒ, ഡെപ്യൂട്ടി കളക്ടർ (എൽആർ) ട്രൈബൽ ഡെവലപ്മെൻറ് ഓഫീസർ, ജില്ലാ കളക്ടർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന സമിതിയെ നിശ്ചയിക്കുകയും മൂന്നാഴ്ചക്കുള്ളിൽ അർഹരായവരുടെ പട്ടിക തരം തിരിച്ച് ലഭ്യമാക്കുന്നതിനും യോഗത്തിൽ നിർദേശം നൽകി.

ജില്ലയിലെ ഭൂരഹിത ആദിവാസികളുടെ പട്ടികയിൽ ഉൾപ്പെട്ടവരെ നേരിൽ വിളിച്ച് ചർച്ച നടത്തി വിവരം ശേഖരിക്കുന്നതിനായി ട്രൈബൽ ഡെവലപ്മെൻറ് ഓഫീസറെ ചുമതലപ്പെടുത്തി. തിങ്കൾകരിക്കം വില്ലേജിൽ സർവെ 745/1 ൽ പെട്ട 94 ഏക്കർ സർക്കാർ പുറമ്പോക്ക് സ്ഥലം കുത്തകപ്പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വച്ചതിൽ നിന്ന് തിരിച്ചെടുത്ത അരിപ്പ ഭൂമിയിലാണ് ഭൂസമരം നടക്കുന്നത്.

ഇതിൽ കുളത്തൂപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിനായി 13.55 ഏക്കറും, ചെങ്ങറ ഭൂസമരക്കാർക്ക് 21.53 ഏക്കറും കൈമാറിയതിന് ശേഷമുള്ള 51.74 ഏക്കർ ഭൂമിയാണ് ബാക്കിയുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. സമരം ഒത്തുതീർപ്പിന്റെ പ്രത്യാശയിലേക്ക് പോകുന്നുവെന്നും അർഹരായ മുഴുവൻ ആളുകൾക്കും ഭൂമി ലഭിക്കുമെന്നാണ് പ്രതീക്ഷയെന്നും ഭൂസമര സമിതി നേതാവ് ശ്രീരാമൻ കൊയ്യോൻ പറഞ്ഞു.

യോഗത്തിൽ മന്ത്രി കെ. രാജൻ, മന്ത്രി ജെ. ചിഞ്ചു റാണി, പി.എസ്. സുപാൽ എംഎൽഎ, ലാൻഡ് റവന്യൂ അസിസ്റ്റൻറ് കമ്മീഷണർ, റവന്യൂ അഡീഷണൽ സെക്രട്ടറി, കൊല്ലം ജില്ലാ കളക്ടർ, ഡെപ്യൂട്ടി കളക്ടർ (എൽആർ) കൊല്ലം, ആർഡിഒ പുനലൂർ, ട്രൈബൽ ഡെവലപ്മെൻറ് ഓഫീസർ, സർവേ ഡെപ്യൂട്ടി ഡയറക്ടർ,എൽആർ ബോർഡ് സൂപ്രണ്ട് കൊല്ലം തുടങ്ങി റവന്യൂ ഉദ്യോഗസ്ഥർക്ക് പുറമേ സമര സമിതിയെ പ്രതിനിധീകരിച്ച് ശ്രീരാമൻ കൊയ്യാൻ, ബദറുദീൻ, വിനോദ്, രതീഷ് ഗോപി, സുലോചന, കുമാരൻ, ലളിത രമേശൻ, മണിലാൽ, വാർഡ് മെമ്പർ ഉദയകുമാർ, മനോഹരൻ, രഘു, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ കെ. അനിൽ കുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗം റീനാ ഷാജഹാൻ എന്നിവർ പങ്കെടുത്തു.

## വെറ്ററിനറി സർവകലാശാലയിൽ വൈസ് ചാൻസലർ നിയമനം

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയിൽ വൈസ് ചാൻസലർ നിയമനത്തിന് സെർച്ച് കം സെലക്ഷൻ കമ്മിറ്റി അപേക്ഷ ക്ഷണിച്ചു. സർവകലാശാലകളിൽ കുറഞ്ഞത് 10 വർഷമെങ്കിലും പ്രൊഫസർ പദവിയിൽ ഉന്നത നിലവാരത്തിൽ കഴിവ് തെളിയിച്ചവർ അല്ലെങ്കിൽ ഗവേഷണ/അക്കാദമിക് സ്ഥാപനങ്ങളിൽ സമാന പദവിയിൽ 10 വർഷം പ്രവർത്തി പരിചയമുള്ളവർക്ക് അപേക്ഷിക്കാം. വിശദമായ ബയോഡാറ്റയും അനുബന്ധ രേഖകളും അപേക്ഷയുടെ 3 പകർപ്പുകളും സഹിതം ചെയർമാൻ, സെർച്ച് കം സെലക്ഷൻ കമ്മിറ്റി, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ലക്കിഡി പി.ഒ., പൂക്കോട്, പിൻ 673576 എന്ന വിലാസത്തിൽ ഡിസംബർ 7 വൈകുന്നേരം 5 മണിക്ക് മുൻപായി രജിസ്റ്റേർഡ് തപാലായി ലഭിക്കണം. അപേക്ഷകൾ sscvc.chairman@kvasu.ac.in എന്ന ഇ മെയിലിലും അയക്കണം.'Application for the post of Vice Chancellor, Kerala Veterinary & Animal Sciences Universtiy' എന്ന് തപാൽ/ഇ മെയിൽ അപേക്ഷകളിൽ സൂചിപ്പിക്കണം.

സെർച്ച് കം സെലക്ഷൻ കമ്മിറ്റി നിർദ്ദേശിക്കുന്ന പാനലിൽ നിന്നാണ് നിയമനം. അക്കാദമിക് വിദഗ്ധർക്ക് വൈസ് ചാൻസലർ സ്ഥാനത്തേക്ക് യോഗ്യതയുള്ളവരെ നാമനിർദ്ദേശം ചെയ്യാം. അപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിലും യോഗ്യതയുള്ള അക്കാദമിക് വ്യക്തികളുടെ പേരുകൾ കമ്മിറ്റി പരിഗണിക്കും.വൈസ് ചാൻസലർ പദവിയിലേക്ക് തിരഞ്ഞെടുക്കുന്നവർക്ക് അഞ്ച് വർഷത്തേക്ക് അല്ലെങ്കിൽ 70 വയസ്സാകുന്നതുവരെയാണ് നിയമനം.

## പിജി മെഡിക്കൽ കോഴ്സ്: ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2024 വർഷത്തെ പി.ജി മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചവരുടെ അന്തിമ ലിസ്റ്റും കാറ്റഗറി ലിസ്റ്റും www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 04712525300.

## അഭിമുഖം

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിലെ ഇലക്ട്രോണിക്സ് എൻജിനിയറിങ് ഡിപ്പാർട്ട്മെന്റിൽ ഇലക്ട്രോണിക്സ് ഡെമോൺസ്ട്രേറ്റർ തസ്തികയിലേക്ക് താത്കാലിക നിയമനത്തിന് നവംബർ 21ന് അഭിമുഖം നടത്തും. ഇലക്ട്രോണിക്സ് ഡിപ്ലോമ/ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. താൽപര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം രാവിലെ 10.30 ന് നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ ഹാജരാകണം.

## ബി.ഫാം: സ്പോട്ട് അലോട്ട്മെന്റ്

202425 അധ്യയന വർഷത്തെ ബി.ഫാം കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ട സ്പോട്ട് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒഴിവുള്ള രണ്ട് സീറ്റുകളിലേക്ക് നവംബർ 23 ശനിയാഴ്ച രാവിലെ 11 ന് കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലും കോഴിക്കോട് ഗവൺമെന്റ് കോളേജിൽ ഒഴിവുള്ള ഒരു സീറ്റിലേക്ക് 25 തിങ്കളാഴ്ച രാവിലെ 11 ന് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലും സ്പോട്ട് അലോട്ട്മെന്റ് സംഘടിപ്പിക്കും. കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒഴിവുള്ള നാല് സീറ്റിലേക്ക് 27 ബുധനാഴ്ച രാവിലെ 11 ന് കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിലും ആലപ്പുഴ ഗവൺമെന്റ് ടി.ഡി മെഡിക്കൽ കോളേജിൽ ഒഴിവുള്ള ഒരു സീറ്റിലേക്ക് 29 വെള്ളിയാഴ്ച രാവിലെ 11 ന് ആലപ്പുഴ ഗവൺമെന്റ് ടി.ഡി മെഡിക്കൽ കോളേജിലും സ്പോട്ട് അലോട്ട്മെന്റ് നടക്കും. ഇനി വരുന്ന ഒഴിവുകളും സ്പോട്ട് അലോട്ട്മെന്റ് മുഖേന നികത്തും. കേരള പ്രവേശന പരീക്ഷ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള ബി.ഫാം പ്രവേശനത്തിനുള്ള റാങ്ക് പട്ടികയിൽ നിന്നുമാണ് അലോട്ട്മെന്റ് നടത്തുന്നത്. യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ അസൽ രേഖകൾ, അസൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന വിദ്യാർഥികളെ മാത്രമേ പരിഗണിക്കൂ.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർഥികൾ അന്നേ ദിവസം തന്നെ ഫീസ് അടച്ച് രേഖകൾ സമർപ്പിച്ച് പ്രവേശനം നേടണം. കൂടുതൽ വിവരങ്ങൾക്ക്: www.dme.kerala.gov.in.

## കെഎസ്ആർടിസി കണ്ടക്ടറെ മർദിച്ചയാൾ അറസ്റ്റിൽ

പൂന്തുറ: ഡ്യൂട്ടിക്കിടെ കെഎസ്ആർടിസി ബസിലെ കണ്ടക്ടറെ മർദിച്ച കേസിലെ പ്രതിയെ പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തു.പൂന്തുറ ചെറിയമുട്ടം വസന്ത കോട്ടേജിൽ ഷിജോ (23) യെ ആണ് പോലീസ് അറസ്റ്റ് ചെയ്തത്. ശനിയാഴ്ച ഉച്ചയ്ക്ക് പൂന്തുറ നിന്നും കിഴക്കേകോട്ടയിലേയ്ക്ക് സർവീസ് നടത്തുകയായിരുന്ന ബസിലെ യാത്രക്കാരനായിരുന്നു അറസ്റ്റിലായ ഷിജോ.

കഴിഞ്ഞ വ്യാഴാഴ്ച ഇതേ ബസിലെ കണ്ടക്ടറായിരുന്ന ശ്രീജിത്തുമായി ഷിജോ വാക്ക് തർക്കത്തിൽ ഏർപ്പെട്ടിരുന്നു.ഇതിന്റെ തുടർച്ചയെന്ന നിലയിൽ ശനിയാഴ്ച ബസിൽ കയറിയ ഷിജോ ശ്രീജിത്തുമായി വാക്കേറ്റത്തിൽ ഏർപ്പെടുകയും ശ്രീജിത്തിനെ മർദിക്കുകയുമായിരുന്നു.

ശ്രീജിത്ത് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് കേസെടുത്ത് നടത്തിയ അന്വേഷണത്തെ തുടർന്നാണ് ഷിജോയെ അറസ്റ്റ് ചെയ്തത്.

പൂന്തുറ എസ്എച്ച്ഒ സാജുവിന്റെ നേതൃത്വത്തിൽ എസ്ഐമാരായ സുനിൽ , ജയപ്രകാശ് എന്നിവരുൾപ്പെട്ട സംഘമാണ് ഷിജോയെ അറസ്റ്റ് ചെയ്തത്. ഇന്നലെ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## അയ്യപ്പഭക്തർക്കുനേരെ ആക്രമണം: പിടിയിലായ പ്രതികൾ റിമാൻഡിൽ

കാട്ടാക്കട: അയ്യപ്പഭക്തരുടെ കാറിനുനേരെ സാമൂഹ്യ വിരുദ്ധരുടെ ആക്രമണം. റൗഡി പട്ടികയിലെ പ്രതി ഉൾപ്പെടെ റിമാൻഡിൽ.

സംഭവവുമായി ബന്ധപ്പെട്ട് നെയ്യാർഡാം പെരിഞ്ഞാംകടവിൽ തുണ്ടുനട അരുൺ നിവാസിൽ അഖിൽ രാജ് (32), കാണിക്കാവ് കുഴിവിള വീട്ടിൽ ശിവലാൽ (23), കോലിയക്കോട് റോഡരികത്ത് വീട്ടിൽ ഷാരോൺബാബു (22), കാലാട്ട്കാവ് കുന്നിൻ പുറത്ത് വീട്ടിൽ അഖിൽ (20), കാണിക്കാവ് അനന്തു ഭവനിൽ അനന്തു (20) എന്നിവരെ പിടികൂടി കോടതിയിൽ ഹാജരാക്കി.

നെയ്യാർ ഡാം പുതിയ പാലത്തിനു സമീപം നിർത്തിയിട്ടിരിക്കുകയായിരുന്ന അയ്യപ്പഭക്തരുടെ കാറിനുനേരെയാണ് കഴിഞ്ഞദിവസം വൈകുന്നേരത്തോടെ സാമൂഹ്യ വിരുദ്ധരുടെ ആക്രമണം ഉണ്ടായത്. സംഭവം അറിഞ്ഞു സ്ഥലത്തെത്തി പ്രതികളെ പിടികൂടുന്നതിനിടെ പോലിസിനെ ആക്രമിക്കാനും ശ്രമം നടന്നിരുന്നു.

തമിഴ്നാട് കുഴിത്തുറ വിളവൻകോട് മരുതുംപാറ പോസ്റ്റ് ഓഫീസ് പരിധിയിൽ ഗണപതിയ്ക്കൽ നിതിൻ ഭവനിൽ ഷിജിനും കുടുംബത്തിനും നേരെ ആയിരുന്നു അക്രമം. നെയ്യാർ ഡാം എസ്എച്ച് ഒ ശ്രീകുമാരൻ നായർ, എസ്ഐ ജി.എസ്. സജി, എഎസ്ഐ റിയാസ്, ഗ്രേഡ് എസ്ഐ ബൈജു, സിപിഒ ജയപ്രകാശ്, പ്രബിൻ തുടങ്ങിയവരാണു പ്രതികളെ പിടികൂടിയത്.

## അംഗത്വ രജിസ്ട്രേഷനും ആനുകൂല്യ വിതരണവും

കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ നവംബർ 22ന് നഗരസഭ ഓപ്പൺ ആഡിറ്റോറിയത്തിൽ രാവിലെ 10 മുതൽ 3 മണി വരെ അംഗത്വ രജിസ്ട്രേഷൻ ക്യാമ്പ് നടക്കും. അന്നേ ദിവസം വൈകുന്നേരം 4 മണിയ്ക്ക് സത്യൻ സ്മാരക ഹാളിൽ വച്ച് അംഗങ്ങളുടെ ആനുകൂല്യ വിതരണം, വിദ്യാഭ്യാസ ആനുകുല്യം, ഉന്നത വിജയം നേടിയ അംഗങ്ങളുടെ മക്കൾക്കുള്ള ക്യാഷ് അവാർഡ് എന്നിവ മേയർ ആര്യാ രാജേന്ദ്രൻ വിതരണം ചെയ്യുമെന്ന് കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ പത്രക്കുറിപ്പിൽ അറിയിച്ചു.

## വാക് ഇൻ ഇന്റർവ്യൂ

സ്നേഹധാർ പദ്ധതിയിൽ മെഡിക്കൽ ഓഫീസർ, സ്പീച്ച് തെറാപ്പിസ്റ്റ്, ഫാർമസിസ്റ്റ്, പഞ്ചകർമ തെറാപ്പിസ്റ്റ്, തസ്തികകളിലേക്കുള്ള ഇന്റർവ്യൂ നവംബർ 26ന് നടക്കും. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഹാളിൽ രാവിലെ 10.30 നാണ് ഇന്റർവ്യൂ. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയം, ഭാരതീയ ചികിത്സാ വകുപ്പ്, ആരോഗ്യ ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിലോ 0471 2320988 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. ഇമെയിൽ: dmoismtvm@gmail.com

# ഇറാന്റെ ആണവായുധ ഗവേഷണകേന്ദ്രം ഇസ്രയേൽ തകർത്തതായി റിപ്പോർട്ട്

ന്യൂയോർക്ക്: ഇറാന്റെ മിസൈൽ ആക്രമണത്തിനു പ്രതികാരമായി കഴിഞ്ഞ മാസം 27ന് ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ ഇറാനിലെ ആണവായുധ ഗവേഷണകേന്ദ്രം തകർത്തതായി റിപ്പോർട്ട്.തലസ്ഥാനമായ ടെഹ്റാനിൽനിന്ന് 20 കിലോമീറ്റർ അകലെയുള്ള പാർച്ചിൻ സൈനിക കേന്ദ്രത്തിലെ ആണവകേന്ദ്രത്തിനു നേരേയാണ് ഇസ്രയേൽ പോർവിമാനങ്ങൾ ബോംബാക്രമണം നടത്തിയത്. ആക്രമണത്തിൽ തകർന്ന സൈനികകേന്ദ്രത്തിലെ കെട്ടിടങ്ങളുടെ ഉപഗ്രഹ ചിത്രങ്ങൾ പ്ലാനറ്റ് ലാബ്സ് പിബിസി പുറത്തുവിട്ടു.

ആക്രമണം ഇറാന്റെ ആണവപരീക്ഷണ ശ്രമങ്ങൾക്കു വലിയ തിരിച്ചടിയാണെന്ന് അമേരിക്കൻ ഇസ്രേലി പ്രതിരോധവിദഗ്ധരെ ഉദ്ധരിച്ച് അമേരിക്കൻ മാധ്യമമായ ആക്സിയോസ് റിപ്പോർട്ട് ചെയ്തു. ഇറാന് ഇനി ആണവായുധങ്ങൾ നിർമിക്കണമെങ്കിൽ തകർന്ന ഉപകരണങ്ങൾ മാറ്റിസ്ഥാപിക്കേണ്ടതുണ്ട്.

പുതുതായി ഈ ഉപകരണം വാങ്ങാൻ ശ്രമിച്ചാൽ അതു നിരീക്ഷിക്കാൻ എളുപ്പമായിരിക്കുമെന്നും ആക്സിയോസ് റിപ്പോർട്ട് ചെയ്തു. ഒക്ടോബർ ഒന്നിനാണ് ഇരുനൂറിലേറെ മിസൈലുകൾ ഇസ്രയേൽ ലക്ഷ്യമാക്കി ഇറാൻ തൊടുത്തത്.

ഇസ്രയേലിനുനേർക്ക് തുടർച്ചയായി ഉണ്ടാകുന്ന ആക്രമണങ്ങൾക്കു പകരമായി ടെഹ്റാൻ, പടിഞ്ഞാറൻ പ്രവിശ്യകളായ ഇൻഹാം, കുസസ്താൻ എന്നിവിടങ്ങളിലെ 20 കേന്ദ്രങ്ങളിലാണ് 27ന് പുലർച്ചെ രണ്ടോടെ നൂറോളം ഇസ്രേലി യുദ്ധവിമാനങ്ങൾ ആക്രമണം നടത്തിയത്.

ഇറാന്റെ വ്യോമപ്രതിരോധ സംവിധാനം നിർവീര്യമാക്കിയശേഷം നടത്തിയ ആക്രമണത്തിൽ വിവിധ മിസൈൽ, ഡ്രോൺ നിർമാണകേന്ദ്രങ്ങളും തകർത്തിരുന്നു.

# ട്രംപുമായി സഹകരിക്കും: ബൈഡനോട് ഷി

ലിമ: അമേരിക്കയിൽ അധികാരത്തിലേറാൻ പോകുന്ന ട്രംപ് ഭരണകൂടവുമായി സഹകരിച്ചു പ്രവർത്തിക്കുമെന്ന് ചൈനീസ് പ്രസിഡൻറ് ഷി ചിൻപിംഗ് സ്ഥാനമൊഴിയാൻ പോകുന്ന അമേരിക്കൻ പ്രസിഡൻറ് ജോ ബൈഡനോടു പറഞ്ഞു.

പെറുവിന്റെ തലസ്ഥാനമായ ലിമയിൽ ഏഷ്യാപസഫിക് സാന്പത്തിക സഹകരണ ഉച്ചകോടിക്കിടെയാണു ഷിയും ബൈഡനും കൂടിക്കാഴ്ച നടത്തിയത്. വാണിജ്യത്തിനു പുറമേ സൈബർ സുരക്ഷ, ആർട്ടിഫിഷൽ ഇൻറലിജൻസിന്റെ നിയന്ത്രണം, തായ്‌വാൻ, ഉത്തരകൊറിയ, റഷ്യ തുടങ്ങി ഒട്ടേറെ വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തു.

അമേരിക്കയുമായി ആരോഗ്യപരമായ ബന്ധമാണു ചൈന ആഗ്രഹിക്കുന്നതെന്ന് ഷി വ്യക്തമാക്കി. ട്രംപ് അധികാരത്തിലേറുന്നതുകൊണ്ട് ഇതിൽ മാറ്റമുണ്ടാവില്ല. അമേരിക്കയുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുന്നതിനും സഹകരണം മെച്ചപ്പെടുത്തുന്നതിനും ട്രംപ് ഭരണകൂടവുമായി സഹകരിക്കാൻ ചൈന തയാറാണ്.

അണ്വായുധ ഉപയോഗംപോലുള്ള വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ട ചുമതല ആർട്ടിഫിഷൽ ഇൻറലിജൻസിനു നല്കരുതെന്ന കാര്യത്തിൽ ബൈഡനും ഷിയും ഒരേ അഭിപ്രായം പ്രകടിപ്പിച്ചു. യുക്രെയ്ൻ യുദ്ധത്തിൽ റഷ്യയെ സഹായിക്കാൻ ഉത്തരകൊറിയ സൈന്യത്തെ അയച്ചതിൽ ബൈഡൻ ഉത്കണ്ഠ പ്രകടിപ്പിച്ചു. കൂടുതൽ സൈനികരെ അയയ്ക്കുന്നതു തടയാൻ ഉത്തരകൊറിയയ്ക്കുമേൽ ചൈനയ്ക്കുള്ള സ്വാധീനം ഉപയോഗിക്കണം.

ചൈനീസ് ഹാക്കർമാർ അടുത്തിടെ അമേരിക്കൻ ടെലിഫോൺ ശൃംഖലകൾ ആക്രമിച്ച കാര്യവും ബൈഡൻ ഉന്നയിച്ചു. തായ്‌വാനെ അസ്ഥിരമാക്കുന്ന സൈനിക നടപടികൾ ചൈന അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. തായ്‌വാനിലെ വിഘടനവാദ പ്രവർത്തനങ്ങളാണു മേഖലയിൽ അസ്ഥിരത വിതയ്ക്കുന്നതെന്നു ഷി മറുപടി നല്കി.

അമേരിക്കൻ പ്രസിഡൻറ് എന്ന നിലയിൽ ബൈഡനുമായുള്ള ഷിയുടെ അവസാന കൂടിക്കാഴ്ചയായിരുന്നു ഇത്. ഷി താമസിക്കുന്ന ഹോട്ടലിൽ നടന്ന ചർച്ച രണ്ടു മണിക്കൂർ നീണ്ടു.

നാലു വിഷയങ്ങളിൽ അമേരിക്കയുടെ ഭാഗത്തുനിന്നു ചൈനയ്ക്കെതിരായ നീക്കങ്ങൾ ഉണ്ടാകരുതെന്ന് ഷി ബൈഡനോട് ആവശ്യപ്പെട്ടതായി ചൈനീസ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. തായ്‌വാൻ, ജനാധിപത്യം, മനുഷ്യാവകാശം, വികസനവളർച്ചയ്ക്കുള്ള അവകാശം എന്നിവയാണ് ഈ വിഷയങ്ങൾ. തെക്കൻ ചൈനാക്കടലിന്റെ അവകാശത്തിൽ ചൈനയും മറ്റു രാജ്യങ്ങളും തമ്മിലുള്ള തർക്കത്തിൽ അമേരിക്ക ഇടപെടരുത്. ഈ രാജ്യങ്ങൾക്കു സഹായം നല്കി പ്രകോപനമുണ്ടാക്കരുത്. ചൈനയുടെ സാന്പത്തികവളർച്ച തടയാനും അമേരിക്ക ശ്രമിക്കരുത്.

# നിക്കരാഗ്വൻ ബിഷപ്സ് കോൺഫറൻസ് പ്രസിഡൻറിനെ ഒർട്ടേഗ ഭരണകൂടം രാജ്യത്തുനിന്ന് പുറത്താക്കി

മനാഗ്വ: നിക്കരാഗ്വയിലെ ബിഷപ്സ് കോൺഫറൻസിന്റെ പ്രസിഡൻറ് ബിഷപ് കാർലോസ് ഹെരേരയെ നാടുകടത്തി. പ്രസിഡൻറ് ഡാനിയർ ഒർട്ടേഗ ഭരണകൂടത്തിന്റെ കത്തോലിക്കാവിരുദ്ധ നടപടികളിൽ ഏറ്റവും പുതിയതാണിത്.

ജിനോടേഗയിലെ ബിഷപ്പായ കാർലേസ് ഹെരേരയെ ബുധനാഴ്ച ഗ്വാട്ടിമാലയിലേക്ക് നാടുകടത്തിയെന്നാണ് റിപ്പോർട്ടുകൾ. സഭയ്ക്കെതിരേ അന്യായമായി ചുമത്തുന്ന രാജ്യദ്രോഹ നടപടികളുടെ ഭാഗമാണിതെന്നു പറയുന്നു. ഇപ്പോൾ അദ്ദേഹം ഗ്വാട്ടിമാലയിലെ ഫ്രാൻസിസ്കൻ സന്യാസ കേന്ദ്രത്തിലാണുള്ളത്.ഞായറാഴ്ച ബിഷപ് കത്തീഡ്രലിൽ വിശുദ്ധ കുർബാന അർപ്പിക്കവേ, ഒർട്ടേഗ അനുകൂലിയായ നഗരമേയർ പുറത്ത് ഉച്ചത്തിൽ സംഗീതപരിപാടി നടത്തിയിരുന്നു. കുർബാനയർപ്പണം തടസപ്പെടുത്തുന്ന ഈ നടപടിയെ ബിഷപ് അൾത്താരയിൽനിന്നു വിമർശിച്ചു. ഇതിനു പിന്നാലെയാണ് അദ്ദേഹത്തിനെതിരേ നടപടി ഉണ്ടായത്. ബുധനാഴ്ച ബിഷപ്പുമാരുടെ യോഗത്തിൽ പങ്കെടുത്ത അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയി നാടുകടത്തുകയായിരുന്നു.ബിഷപ് ഹെരേര 2021 മുതൽ നിക്കരാഗ്വൻ ബിഷപ്സ് കോൺഫറൻസിന്റെ പ്രസിഡൻറാണ്. ഒർട്ടേഗ ഭരണകൂടം നാടുകടത്തുന്ന മൂന്നാമത്തെ ബിഷപ്പാണ് അദ്ദേഹം.2018ൽ പ്രസിഡൻറ് ഒർട്ടേഗയുടെയും വൈസ് പ്രസിഡൻറ്കൂടിയായ അദ്ദേഹത്തിന്റെ ഭാര്യ റൊസാരിയോ മുറില്ലോയുടെയും രാജിയാവശ്യപ്പെട്ടു നടന്ന പ്രക്ഷോഭത്തെ പിന്തുണച്ചു എന്നാരോപിച്ചാണ് ഭണകൂടം സഭയ്ക്കെതിരേ നടപടികളെടുക്കാൻ തുടങ്ങിയത്.

# ശബരിമലയിൽ ഭക്തജനത്തിരക്കേറുന്നു

ശബരിമല: മണ്ഡല മകരവിളക്ക് തീർഥാടനത്തോടനുബന്ധിച്ച് ശബരിമലയിൽ വൻ ഭക്തജന തിരക്ക്. ആദ്യ ദിനം മുപ്പതിനായിരം പേരാണ് ദർശനത്തിനായി ബുക്ക് ചെയ്തത്. ഭക്തർക്ക് ഇന്ന് മുതൽ 18 മണിക്കൂർ ദർശനം അനുവദിക്കും.ഇന്നു പുലർച്ചെ മൂന്നിന് പുതിയ മേൽശാന്തി എസ്. അരുൺകുമാർ നമ്പൂതിരി ശബരിമലയിലും വാസുദേവൻ നന്പൂതിരി മാളികപ്പുറത്തും നട തുറന്നു. വെർച്വൽ ക്യൂ മുഖേന പ്രതിദിനം 70,000 പേർക്കാണ് ദർശനം അനുവദിക്കുക. 10,000 പേർക്ക് തത്സമയ ബുക്കിംഗ് വഴിയും ദർശനം ലഭിക്കും. ഇന്ന് 70,000 പേരാണ് ഓൺലൈൻ വഴി ദർശനത്തിനായി ബുക്ക് ചെയ്തിരിക്കുന്നത്.

ഇന്ന് ഉച്ചയ്ക്ക് ഒരു മണിക്ക് നട അടയ്ക്കും. തുടർന്ന് വൈകുന്നേരം മൂന്നു മണിക്ക് വീണ്ടും തുറക്കുന്ന നട ഹരിവരാസനം പാടി രാത്രി 11 മണിക്ക് അടക്കും. ഭക്തജനത്തിരക്ക് കണക്കിലെടുത്ത് പമ്പയിലും സന്നിധാനത്തും കൂടുതൽ പോലീസിനെ വിന്യസിച്ചിട്ടുണ്ട്.വെള്ളിയാഴ്ച നട തുറന്നപ്പോൾ ദേവസ്വം മന്ത്രി വി.എൻ. വാസവൻ, ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ്. പ്രശാന്ത്, അംഗങ്ങളായ അഡ്വ. കെ. അജികുമാർ, സി.ജി. സുന്ദരേശൻ എന്നിവർ ശബരിമലയിലുണ്ടായിരുന്നു. സന്നിധാനത്ത് തങ്ങുന്ന മന്ത്രി വി.എൻ. വാസവൻ രാവിലെ 8.30 ന് ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചിട്ടുണ്ട്.

# യുദ്ധം വേണ്ട, സമാധാനം മതി: ഡൊണാൾഡ് ട്രംപ്

വാഷിംഗ്ടൺ: പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ മികച്ച വിജയം നേടിയ ഡൊണാൾഡ് ട്രംപ് ലോകത്ത് യുദ്ധം വേണ്ടന്നും സമാധാനം മതിയെന്ന നിർണായ പ്രഖ്യാപനം നടത്തി. ട്രംപിന്റെ വിജയത്തിന് ശേഷമുള്ള ആദ്യ പൊതുവേദിയിലെ പ്രസംഗത്തിൽ പ്രധാനമായും രണ്ടു കാര്യങ്ങളാണ് അദ്ദേഹം മുന്നോട്ട് വച്ചത്.റഷ്യയുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കുന്നതിലും പശ്ചിമേഷ്യയിൽ സമാധാനം സ്ഥാപിക്കുന്നതിലുമാകും തന്റെ ഭരണകൂടം ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. റഷ്യയും യുക്രെയ്നും തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കണം. ഞാൻ ഇന്ന് ഒരു റിപ്പോർട്ട് കണ്ടു.കഴിഞ്ഞ മൂന്ന് ദിവസങ്ങളിലായി ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. അവർ പട്ടാളക്കാരായിരുന്നു, അവർ സൈനികരാണെങ്കിലും അവരും മനുഷ്യരാണ്, എല്ലാവരുടെയും ജീവൻ സംരക്ഷിക്കപ്പെട്ടണമെന്നും ട്രംപ് കൂട്ടിച്ചേർത്തു.

# ട്രംപ് ഭരണം തുടങ്ങിയാൽ യുദ്ധം അവസാനിക്കും: സെലൻസ്കി

കീവ്: അമേരിക്കയിൽ ഡോണൾഡ് ട്രംപ് പ്രസിഡൻറായി അധികാരമേറ്റുകഴിഞ്ഞാൽ റഷ്യയും യുക്രെയ്നും തമ്മിലുള്ള യുദ്ധം അവസാനിക്കുമെന്ന് യുക്രെയ്ൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കി. യുദ്ധം അവസാനിപ്പിക്കുമെന്ന വാഗ്ദാനം ട്രംപ് അമേരിക്കൻ ജനതയ്ക്കു നല്കിയിട്ടുള്ളതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

അടുത്ത വർഷം നയതന്ത്ര മാർഗത്തിലൂടെ യുദ്ധം അവസാനിപ്പിക്കാനുള്ള നടപടികൾ യുക്രെയ്ൻ സ്വീകരിക്കണമെന്നു സെലൻസ്കി പറഞ്ഞു. യുദ്ധത്തിൽ റഷ്യ മുന്നേറുകയും യുക്രെയ്ൻ പ്രതിസന്ധി നേരിടുകയുമാണ്.

തെരഞ്ഞെടുപ്പു ജയത്തിനു പിന്നാലെ ട്രംപുമായി നടത്തിയ ഫോൺ സംഭാഷണം പ്രതീക്ഷ നല്കുന്നതായിരുന്നുവെന്ന് സെലൻസ്കി പറഞ്ഞു. റഷ്യയുമായി ചർച്ച നടത്തണമെന്ന ആവശ്യം ട്രംപ് ഉന്നയിച്ചുവോ എന്നു സെലൻസ്കി പറഞ്ഞില്ല.

റഷ്യയെ നേരിടാൻ യുക്രെയ്ന് അമേരിക്ക സഹായം നല്കുന്നതിനെ എതിർക്കുന്ന ട്രംപ്, അധികാരത്തിലേറിയാൽ 24 മണിക്കൂറിനകം യുദ്ധം അവസാനിപ്പിക്കുമെന്ന് മുന്പു പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുള്ള മാർഗം അദ്ദേഹം വെളിപ്പെടുത്തിയിട്ടില്ല.

ട്രംപും സെലൻസ്കിയും തമ്മിൽ ഇതുവരെയുള്ള ബന്ധം സുഖകരമല്ല. ബൈഡൻ കുടുംബത്തിനെതിരേ അന്വേഷണം നടത്താൻ സെലൻസ്കിയോട് ആവശ്യപ്പെട്ടു എന്ന ആരോപണത്തിൽ ഒന്നാം ഭരണകാലത്ത് ട്രംപ് ഇംപീച്ച്മെൻറ് നേരിട്ടിരുന്നു.

അതേസമയം, റഷ്യൻ പ്രസിഡൻറ് പുടിനുമായി ട്രംപ് നല്ല ബന്ധത്തിലാണ്. ട്രംപിന്റെ സമീപനങ്ങൾ യുക്രെയ്നെ പരാജയത്തിലേക്കു നയിക്കുമെന്നും അത് യൂറോപ്പിനു മൊത്തം ഭീഷണിയാകുമെന്നും അമേരിക്കയിലെ ഡെമോക്രാറ്റിക് പാർട്ടിക്കാർ ആരോപിക്കുന്നു.

### പുടിനും ഷോൾസും ഫോണിൽ ചർച്ച നടത്തി

ബെർലിൻ: ജർമൻ ചാൻസർ ഒലാഫ് ഷോൾസും റഷ്യൻ പ്രസിഡൻറ് വ്ലാദിമിർ പുടിനും ഫോണിൽ ചർച്ച നടത്തി. യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കുന്നതിനെക്കുറിച്ചാണ് ഒരു മണിക്കൂർ നീണ്ട ചർച്ചയിൽ ഇരുവരും സംസാരിച്ചതെന്ന് ജർമൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ആവശ്യമുള്ളിടത്തോളം കാലം ജർമനി യുക്രെയ്നു പിന്തുണ നല്കുമെന്ന് ഷോൾസ് വ്യക്തമാക്കി. റഷ്യൻ സൈന്യത്തെ യുക്രെയ്നിൽനിന്നു പിൻവലിച്ച് സമാധാനത്തിനു വഴിയൊരുക്കണമെന്നും പുടിനോട് അദ്ദേഹം ആവശ്യപ്പെട്ടു.പുടിനുമായുള്ള സംഭാഷണത്തിനു മുന്പായി യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കിയുമായി ഷോൾസ് ഫോണിൽ ചർച്ച നടത്തി.

ഏതാണ്ടു രണ്ടു വർഷത്തിനുശേഷമാണ് പുടിനും ഷോൾസും ഫോണിൽ സംസാരിക്കുന്നത്. 2022 ഡിസംബറിലായിരുന്നു ഇതിനു മുന്പത്തേത്.

# മസ്കിനെ അധിക്ഷേപിച്ച് ബ്രസീലിയൻ പ്രഥമ വനിത

ബ്രസീലിയ: ബ്രസീലി യൻ പ്രസിഡൻറ് ലുലാ ഡാ സിൽവയുടെ പത്നി ഷാൻഷ, ലോകത്തിലെ ഏറ്റവും വലിയ സന്പന്നനും നിയുക്ത യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ കാബിനറ്റ് അംഗവുമായ ഇലോൺ മസ്കിനെതിരേ അസഭ്യവാക്കുകൾ ഉതിർത്തു. ബ്രസീലിൽ ജി20 ഉച്ചകോടിക്കു മുന്നോടിയായി ശനിയാഴ്ച നടന്ന പരിപാടിയിലായിരുന്നു സംഭവം.വ്യാജപ്രചാരണം തടയുന്നതിനു സോഷ്യൽ മീഡിയകളെ നിയന്ത്രിക്കേണ്ടതിനെക്കുറിച്ചാണു ഷാൻഷ സംസാരിച്ചത്.

ഇതിനിടെ സദസിൽനിന്ന് ഉച്ചത്തിൽ ഹോണടി ശബ്ദമുണ്ടായി. അത് ഇലോൺ മസ്ക് ആയിരിക്കാമെന്നും എനിക്ക് നിങ്ങളെ പേടിയില്ലെന്നും പറഞ്ഞ ഷാൻഷ ഒരു അശ്ലീലവാക്കും കൂട്ടിച്ചേർത്തു.ഇതുസംബന്ധിച്ച സോഷ്യൽ മീഡിയയിൽ പ്രചരിച്ച വീഡിയോയ്ക്കു താഴെ പൊട്ടിച്ചിരിക്കുന്ന ഇമോജി പോസ്റ്റ് ചെയ്താണ് മസ്ക് പ്രതികരിച്ചത്. അടുത്ത വർഷത്തെ പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ ബ്രസീലിയൻ പ്രസിഡൻറ് ലുല തോൽക്കുമെന്നും മറ്റൊരു പോസ്റ്റിൽ അദ്ദേഹം പറഞ്ഞു.സുപ്രീംകോടതിയുമായുള്ള ഉടക്കിനെത്തുടർന്ന് മസ്കിന്റെ ഉടമസ്ഥതയിലുള്ള എക്സ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ബ്രസീലിൽ ഒരു മാസത്തെ വിലക്ക് നേരിട്ടിരുന്നു.

# തന്ത്രപരമായ പങ്കാളിത്തം തുടരും: ഇന്ത്യ

അബുജ: നൈജീരിയയുമായുള്ള തന്ത്രപരമായ പങ്കാളിത്തത്തിന് ഇന്ത്യ മുന്തിയപരിഗണന നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിരോധം, ഊർജം, വ്യാപാരം തുടങ്ങിയ വിവിധ മേഖലകളിൽ ബന്ധം മെച്ചപ്പെടുത്തുന്നതിനായി ഇരുരാജ്യങ്ങളും കൂട്ടായി പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.നൈജീരിയൻ പ്രസിഡൻറ് ബോല അഹമ്മദ് ടിനുബുവുമായി നടത്തിയ ചർച്ചയിലാണ് മോദി ഇക്കാര്യം പറഞ്ഞത്. തീവ്രവാദം, വിഘടനവാദം, കടൽക്കൊള്ള, മയക്കുമരുന്ന് കടത്ത് എന്നിവയെ നേരിടാൻ ഇരുരാജ്യങ്ങളും ഒരുമിച്ചു പ്രവർത്തിക്കുന്നത് തുടരുമെന്നും മോദി കൂട്ടിച്ചേർത്തു.

ത്രിരാഷ്ട്ര സന്ദർശനത്തിനായി ഞായറാഴ്ച പുലർച്ചെയാണ് മോദി നൈജീരിയയിൽ എത്തിയത്. 17 വർഷത്തിനു ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നൈജീരിയ സന്ദർശിക്കുന്നത്. നൈജീരിയിൽനിന്നും ബ്രസീലിലേക്കു പോകുന്ന മോദി ഗയാനയും സന്ദർശിക്കും.

ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ രാജ്യത്തെ രണ്ടാമത്തെ പരമോന്നത ബഹുമതി നൽകി ആദരിച്ച് നൈജീരിയ. ഗ്രാൻഡ് കമാൻഡർ ഓഫ് ദി ഓർഡർ ഓഫ് നൈജർ പുരസ്കാരമാണ് മോദിക്ക് നൽകിയത്. ഇതോടെ എലിസബത്ത് രാജ്ഞിക്കു ശേഷം ഈ ബഹുമതി ലഭിക്കുന്ന രണ്ടാമത്തെ വിദേശപൗരനായി മോദി. 1969ൽ ആണ് എലിസബത്ത് രാജ്ഞിക്ക് പുരസ്കാരം സമ്മാനിച്ചത്. മോദിയുടെ 17ാമത് അന്താരാഷ്ട്ര അവാർഡാണിത്.

# മദ്യം, മയക്കുമരുന്ന് ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന പാട്ട് പാടരുത്; ദിൽജിത്തിന് നോട്ടീസ്

ഹൈദരാബാദ്: മദ്യം, മയക്കുമരുന്ന്, അക്രമം എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഗാനങ്ങൾ പാടരുത് എന്ന് ആവശ്യപ്പെട്ട് പഞ്ചാബി ഗായകൻ ദിൽജിത്ത് ദോസഞ്ജിന്റെ സംഗീത പരിപാടിക്ക് തെലുങ്കാന സർക്കാർ നോട്ടീസ് അയച്ച്. ശനിയാഴ്ച നടക്കാനിരുന്ന ദിൽലുമിനാറ്റി കച്ചേരിയ്ക്ക് മുന്നോടിയായിട്ടാണ് നോട്ടീസ് ലഭിച്ചത്.ചണ്ഡീഗഡ് സ്വദേശി നൽകിയ പരാതിയെ തുടർന്നാണ് നടപടി. ഒരു സംഗീത പരിപാടിയിൽ താരം ആലപിച്ച ചില ഗാനങ്ങളുടെ വീഡിയോ തെളിവായും സമർപ്പിച്ചിട്ടുണ്ട്.

സംഗീത പരിപാടിക്കിടെ കുട്ടികളെ സ്റ്റേജിലേക്ക് വിളിക്കരുതെന്നും നോട്ടീസിൽ പറയുന്നു.13 വയസിന് താഴെയുള്ള കുട്ടികൾക്ക് ഹാനികരമായേക്കാവുന്ന ഉച്ചത്തിലുള്ള ശബ്ദങ്ങളുടെയും ലൈറ്റുകളുടെയും അപകടസാധ്യത കണക്കിലെടുത്താണ് നടപടിയെന്ന് സർക്കാർ വശദീകരിച്ചു. ഡൽഹിയിൽ ഒക്ടോബർ 26നും 27നും നടന്ന പരിപാടിയിൽ ഗായകൻ ലഹരിയേയും അക്രമത്തേയും പ്രോത്സാഹിപ്പിക്കുന്ന ഗാനങ്ങൾ ആലപിച്ചു എന്നും പരാതിയിലുണ്ട്.

മദ്യം, മയക്കുമരുന്ന്, അക്രമം എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഗാനങ്ങൾ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട പഞ്ചാബ്, ഹരിയാന ഹൈക്കോടതി നേരത്തെ നിർദ്ദേശം നൽകിയിരുന്നു.

# ഹമാസ് പിടിയിൽനിന്നു മോചിതരായ ഇസ്രേലികൾ മാർപാപ്പയെ സന്ദർശിച്ചു

വത്തിക്കാൻ: ഒക്ടോബർ ഏഴ് ഭീകരാക്രമണത്തിനു പിന്നാലെ ഹമാസ് ഭീകരർ മാസങ്ങളോളം ബന്ദികളാക്കുകയും പിന്നീട് മോചിപ്പിക്കുകയും ചെയ്ത ഇസ്രയേൽ പൗരന്മാർ വത്തിക്കാനിൽ ഫ്രാൻസിസ് മാർപാപ്പയെ സന്ദർശിച്ചു.

അപ്പസ്തോലിക് കൊട്ടാരത്തിലെ ഗ്രന്ഥശാലയിൽ നടന്ന കൂടിക്കാഴ്ചയിൽ പത്തു സ്ത്രീകളും നാല് പുരുഷന്മാരും രണ്ടു കുട്ടികളുമടക്കം 16 പേരുണ്ടായിരുന്നു. അമേരിക്കയുടെയും ഖത്തറിന്റെയും ഈജിപ്തിന്റെയും മധ്യസ്ഥതയിൽ ഹമാസും ഇസ്രയേലും തമ്മിൽ നടത്തിയ താത്കാലിക വെടിനിർത്തൽ കരാറിന്റെ ഭാഗമായി വിട്ടയയ്ക്കപ്പെട്ട ബന്ദികളാണ് ഇവർ.ഇപ്പോഴും ബന്ദികളായി തടവിൽ കഴിയുന്ന ഏതാനും യുവാക്കളുടെ ഫോട്ടോ സന്ദർശകസംഘം മാർപാപ്പയ്ക്കു നൽകി. 'വീടുകളിലേക്ക് അവരെയും എത്തിക്കണം' എന്ന വാചകവും ചിത്രങ്ങളിൽ ആലേഖനം ചെയ്തിരുന്നു.ഹമാസ് ആക്രമണത്തിന്റെ ആദ്യദിനം മുതൽ ബന്ദികളാക്കപ്പെട്ടവരുടെ മോചനത്തിനായി ഫ്രാൻസിസ് മാർപാപ്പ വിവിധ മേഖലകളിൽ നിരന്തരം ശ്രമങ്ങൾ നടത്തിയിരുന്നു. ഹമാസിന്റെ പിടിയിലകപ്പെട്ട ചില ഇസ്രേലി ബന്ദികളുടെ കുടുംബാംഗങ്ങളെ കഴിഞ്ഞ ഏപ്രിൽ എട്ടിന് ഫ്രാൻസിസ് മാർപാപ്പ സന്ദർശിച്ചിരുന്നു.

# പാക്കിസ്ഥാനെതിരെ ഓസ്ട്രേലിയയ്ക്ക് ജയം

സിഡ്നി: പാക്കിസ്ഥാനെതിരായ രണ്ടാം ടൺറി20യിൽ ഓസ്ട്രേലിയയ്ക്ക് ജയം. 13 റൺസിനായിരുന്നു ഓസീസിന്റെ ജയം. ജയത്തോടെ മൂന്ന് മത്സരങ്ങളുടെ പരന്പര 20ന് ഓസീസ് സ്വന്തമാക്കി.ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഓസീസ് നിശ്ചിത 20 ഓവറിൽ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 147 റൺസെടുത്തു. 32 റൺസെടുത്ത മാത്യു ഷോർട്ടാണ് ഓസ്ട്രേലിയൻ നിരയിൽ ടോപ് സ്കോറർ. ജേക്ക് ഫ്രേസർ (20), ജോഷ് ഇംഗ്ലിസ് (0), മാക്സ്‌വെൽ (21), സ്റ്റോയിൻസ് (14), ടിം ഡേവിഡ് (18) എന്നിവരെല്ലാം നിറം മങ്ങി. ആരോൺ ഹാർഡി 28 റൺസും നേടി.പാക്കിസ്ഥാനായി ഹാരിസ് റൗഫ് നാല് വിക്കറ്റ് നേടി. അബ്ബാസ് അഫ്രീദി മൂന്നും സുഫിയൻ മുഖീം രണ്ട് വിക്കറ്റും വീഴ്ത്തി.148 റൺസ് വിജയലക്ഷ്യം പിന്തുടർന്ന പാക്കിസ്ഥാൻ 19.4 ഓവറിൽ 134 റൺസിന് ഓൾഔട്ടായി. പാക് നിരയിൽ മൂന്ന് പേർക്ക് മാത്രമാണ് രണ്ടക്കം കാണാൻ കഴിഞ്ഞത്. അർധ സെഞ്ചുറി നേടിയ ഉസ്മാൻ ഖാനും (38 പന്തിൽ 52) പുറത്താകാതെ 37 റൺസെടുത്ത ഇർഫാൻ ഖാനുമാണ് പാക്കിസ്ഥാനെ വലിയ തകർച്ചയിൽനിന്നും രക്ഷിച്ചത്. മുഹമ്മദ് റിസ്വാൻ 16 റൺസും നേടി.ഓസീസിനായി സ്പെൻസർ ജോൺസൺ അഞ്ച് വിക്കറ്റ് വീഴ്ത്തി. ആദം സാന്പ രണ്ട് വിക്കറ്റും സേവ്യർ ബാർട്ട്ലെറ്റ് ഒരു വിക്കറ്റും വീഴ്ത്തി. തിങ്കളാഴ്ചയാണ് പരന്പരയിൽ അവസാന മത്സരം

# വനിതാ കമ്മീഷൻ അദാലത്ത്

കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന തൃശൂർ ജില്ലാ അദാലത്ത് നവംബർ 19ന് നടക്കും. തൃശൂർ ടൗൺ ഹാളിൽ രാവിലെ 10ന് ആരംഭിക്കുന്ന അദാലത്തിൽ പുതിയ പരാതികളും സ്വീകരിക്കും.

# അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന സർക്കാർ/എയ്ഡഡ് കോളേജുകൾ/ യൂണിവേഴ്സിറ്റി കോളേജുകളിൽ ബിരുദാനന്തര ബിരുദത്തിന് രണ്ടാം വർഷം പഠിക്കുന്നവരും, നിലവിൽ പഠനം പൂർത്തിയായവരുമായ, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) UGC/CSIR ചട്ടം പരീക്ഷാ പരിശീലനം സംഘടിപ്പിക്കുന്നതിന് താല്പര്യമുള്ള കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

ന്യൂനപക്ഷ വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പിൽ, സംഘാടകരുടെ കോളേജിൽ നിന്നും 50 ശതമാനം വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാവുന്നതും ശേഷിക്കുന്ന 50 ശതമാനം വിദ്യാർത്ഥികളെ സമീപസ്ഥമുള്ള മറ്റു സർക്കാർ/ എയ്ഡഡ് കോളേജുകൾ/ യൂണിവേഴ്സിറ്റികളിൽ നിന്നും തിരഞ്ഞെടുക്കേണ്ടതുമാണ്. ബിരുദാനന്തര ബിരുദത്തിന് ഒന്നാം വർഷ പരീക്ഷയിൽ 55% മാർക്ക് നേടി രണ്ടാം വർഷ പഠനം നടത്തുന്നവരെയും, ബിരുദാനന്തര ബിരുദം 55% മാർക്കോടെ പൂർത്തിയാക്കിയവരെയും ഈ പരിശീലനത്തിൽ പങ്കെടുപ്പിക്കാം. ബിപിഎൽ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനത്തിൽ മുൻഗണന നൽകേണ്ടതാണ്. അപേക്ഷാ ഫാറത്തിന്റെ മാതൃക www.minortiywelfare.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. നവംബർ 25. അപേക്ഷ ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം 33 എന്ന വിലാസത്തിൽ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2300524, 04712302090.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ആരെതിർത്താലും വഖഫ് നിയമം ഭേദഗതി ചെയ്യുമെന്ന് അമിത് ഷാ

ന്യൂഡൽഹി: ആരെതിർത്താലും വഖഫ് നിയമം ഭേദഗതി ചെയ്യുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. എന്നാൽ ഈ മാസം 25നു തുടങ്ങുന്ന പാർലമെൻറിന്റെ ശീതകാല സമ്മേളനത്തിൽ വഖഫ് ഭേദഗതി പാസാക്കുമെന്ന തന്റെ മുൻ പ്രസ്താവന അദ്ദേഹം ആവർത്തിച്ചില്ല.

മഹാരാഷ്ട്രയിൽ തെരഞ്ഞെടുപ്പു പ്രചാരണ റാലികളിൽ പ്രസംഗിക്കവെ, കർണാടകയിൽ വഖഫ് ബോർഡിന്റെ നോട്ടീസ് ലഭിച്ച കർഷകരുടെ പ്രശ്നം ഉയർത്തിയ അമിത് ഷാ കേരളത്തിലെ മുനന്പം അടക്കമുള്ള പ്രദേശങ്ങളിലെ വഖഫ് പ്രശ്നം പരാമർശിച്ചില്ല.

'കർണാടകയിൽ ക്ഷേത്രങ്ങളും കർഷകരുടെ ഭൂമിയുമുൾപ്പെടെ നൂറുകണക്കിനു ഗ്രാമങ്ങളെ വഖഫ് ബോർഡ് അതിന്റെ സ്വത്താക്കി മാറ്റിയ വാർത്ത അടുത്തിടെ വായിച്ചിരിക്കണം. വഖഫ് ബോർഡ് നിയമം മാറ്റാൻ മോദി പദ്ധതിയിടുന്നു.

എന്നാൽ ഉദ്ധവ് താക്കറെ, ശരദ് പവാർ, സുപ്രിയ സുലെ എന്നിവർ അതിനെ എതിർക്കുന്നു. ഉദ്ധവിനും പവാറിനും രാഹുലിനും എത്ര വേണമെങ്കിലും പ്രതിഷേധിക്കാം. എന്നാൽ വഖഫ് നിയമം മാറ്റാൻ മോദി തീരുമാനിച്ചിട്ടുണ്ട്" തെരഞ്ഞെടുപ്പു റാലികളിൽ പ്രസംഗിക്കവെ അമിത് ഷാ വ്യക്തമാക്കി.

മോദിയുടെ ബിജെപി സർക്കാർ രാമക്ഷേത്രം നിർമിച്ചു. അനുച്ഛേദം 370 നീക്കം ചെയ്തു, മുത്തലാക്ക് നിർത്തി, സിഎഎ നടപ്പാക്കി. ഇപ്പോൾ വഖഫ് ബോർഡ് നിയമവും മാറ്റാൻ പദ്ധതിയിടുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു.

പട്ടികജാതിവർഗ, പിന്നാക്ക, ദളിത്, ആദിവാസി സംവരണം അവസാനിപ്പിച്ച് മുസ്‌ലിംകൾക്കു സംവരണം നൽകണോയെന്ന് കേന്ദ്രമന്ത്രി ചോദിച്ചു.

ഒരിക്കലും രാമക്ഷേത്രം സന്ദർശിക്കാത്തവർ മുസ്‌ലിം പള്ളികൾക്ക് 1,000 കോടി രൂപ നൽകുന്നതിനെക്കുറിച്ച് സംസാരിക്കുന്നു.

മസ്ജിദുകൾ നന്നാക്കാൻ 1,000 കോടി നൽകണോ എല്ലാ മാസവും 15,000 രൂപവീതം മൗലാനകൾക്കു നൽകിയാൽ കോൺഗ്രസിന് വോട്ട് നൽകാമെന്നാണ് മുസ്‌ലിം മതനേതാക്കളും ഉലമമാരും കോൺഗ്രസ് നേതാവ് നാനാ പടോലെയെ കണ്ടു പറഞ്ഞത്. ഇതിനോടു വോട്ടർമാർ യോജിക്കുന്നുണ്ടോയെന്നും അമിത് ഷാ ചോദിച്ചു.

# തിരിച്ചുവരവിൽ ശക്തമായ കഥാപാത്രവുമായി സംഗീത ! 'ആനന്ദ് ശ്രീബാല'യ്ക്ക് കയ്യടി...




വിഷ്ണു വിനയന്റെ ആദ്യ സംവിധാന ചിത്രമായ 'ആനന്ദ് ശ്രീബാല' മികച്ച പ്രതികരണത്തോടെ പ്രദർശനം തുടരുന്നു. അർജ്ജുൻ അശോകൻ എന്ന നടൻ തന്റെ ഓരോ സിനിമയിലും കഥാപാത്രങ്ങളെ കൈയ്യടക്കത്തോടെ അവതരിപ്പിക്കുന്നു എന്നതിന് മറ്റൊരു സാക്ഷ്യം കൂടിയാണ് ആനന്ദ് ശ്രീബാല എന്ന കഥാപാത്രം. എന്നാൽ പ്രേക്ഷകർ ഇരുകൈയ്യും നീട്ടി സ്വീകരിച്ച മറ്റൊരു കഥാപാത്രവും കൂടിയുണ്ട് ആനന്ദ് ശ്രീബാലയിൽ; സംഗീത മാധവൻ നായർ അവതരിപ്പിച്ച ശ്രീബാല.

198090 കളിൽ മലയാളം, തമിഴ്, കന്നഡ, തെലുഗു സിനിമകളിൽ നിറ സാന്നിധ്യമായിരുന്ന താരമാണ് സംഗീത മാധവൻ നായർ. മോഹൻലാൽ, മമ്മൂട്ടി, സുരേഷ് ഗോപി, ശ്രീനിവാസൻ, ജയറാം, മുകേഷ് തുടങ്ങി മലയാളത്തിലെ മുൻനിര താരങ്ങളുടെ നായികയായ് വേഷമിട്ട താരം നീണ്ട കാലയളവിന് ശേഷം അഭിനയത്തിലേക്ക് തിരിച്ചെത്തിയിരിക്കുകയാണ്.

തമ്പി കണ്ണന്താനത്തിന്റെ സംവിധാനത്തിൽ 1992 ൽ പുറത്തിറങ്ങിയ 'നാടോടി' എന്ന ചിത്രത്തിലൂടെ മോഹൻലാലിന്റെ നായികയായ് മലയാളത്തിൽ അഭിനയം ആരംഭിച്ച താരം ഇതിനോടകം ഒരുപിടി കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും മലയാളി പ്രേക്ഷകരുടെ മനം കവർന്നത് ശ്രീനിവാസൻ നായകനായെത്തിയ 'ചിന്താവിഷ്ടയായ ശ്യാമള'യിലൂടെയാണ്. ചിത്രത്തിൽ ശ്രീനിവാസന്റെ ഭാര്യ ശ്യാമളയായാണ് സംഗീത വേഷമിട്ടത്. ശ്യാമളയെ പക്വതയോടെ കൈകാര്യം ചെയ്തതിന് മികച്ച നടിക്കുള്ള കേരളസംസ്ഥാന ചലച്ചിത്രപുരസ്കാരവും സംഗീതയെ തേടി എത്തിയിരുന്നു. ആ കഥാപാത്രത്തെ അഭിനയിക്കുമ്പോൾ തനിക്ക് 19 വയസ്സ് മാത്രമേ ഉണ്ടായിരുന്നൊള്ളൂ എന്നാണ് ഒരു പ്രമുഖ ചാനലിന് നൽകിയ ഇന്റർവ്യൂവിൽ സംഗീത പറഞ്ഞത്. നാടോടി റിലീസ് ചെയ്ത് 32 വർഷത്തിന് ശേഷം മോഹൻലാലിനൊപ്പം 'ഹൃദയപൂർവ്വം' എന്ന ചിത്രം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ് താരമിപ്പോൾ.

ചെറു പ്രായത്തിൽ അഭിനയത്തിൽ തുടക്കമിട്ട സംഗീത സിനിമയിൽ സജ്ജീവമായ് നിൽക്കുമ്പോഴാണ് അപ്രതക്ഷ്യമായത്. ഛായാഗ്രാഹകൻ എസ് ശരവണനെയാണ് സംഗീത വിവാഹം ചെയ്തത്. ഭാര്യയും അമ്മയുമായതോടെ കുടുംബിനിയായി. 2014ൽ പുറത്തിറങ്ങിയ 'നഗര വാരിധി നടുവിൽ ഞാൻ' എന്ന ചിത്രത്തിൽ വീണ്ടും ശ്രീനിവാസനോടൊപ്പം വേഷമിട്ട ശേഷം സിനിമയിൽ നിന്നും മാറിനിന്ന സംഗീത 2023ൽ പുറത്തിറങ്ങിയ 'ചാവേർ'ലൂടെ വൻ തിരിച്ചുവരവ് നടത്തി. വർഷങ്ങളുടെ നീണ്ട കാലയളവിനൊടുവിൽ പുതിയ രൂപത്തിലും ഭാവത്തിലും പ്രേക്ഷകരെ ഞെട്ടിക്കുന്ന കഥാപാത്രമായി വീണ്ടും സ്ക്രീനിൽ എത്തിയ താരത്തിന്റെ ഏറ്റവും പുതിയ ചിത്രമാണ് വിഷ്ണു വിനയ് സംവിധാനം ചെയ്യുന്ന 'ആനന്ദ് ശ്രീബാല'. അഭിലാഷ് പിള്ള തിരക്കഥ രചിച്ച ചിത്രം നവംബർ 15 മുതൽ തിയറ്ററുകളിലെത്തും. മലയാളത്തിലെ പ്രമുഖ നിർമ്മാണ കമ്പനികളായ കാവ്യ ഫിലിം കമ്പനിയും ആൻ മെഗാ മീഡിയയും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. പ്രിയ വേണു, നീതാ പിന്റോ എന്നിവരാണ് നിർമ്മാതാക്കൾ. '2018'നും 'മാളികപ്പുറം'നും ശേഷം കാവ്യ ഫിലിം കമ്പനിയും ആൻ മെഗാ മീഡിയയും വീണ്ടും ഒന്നിക്കുന്ന സിനിമയാണ് 'ആനന്ദ് ശ്രീബാല'. ലോ കോളജ് വിദ്യാർത്ഥിയായ മെറിന്റെ മരണവും അതിനോടനുബന്ധിച്ചുള്ള പൊലീസിന്റെ അന്വേഷണവുമാണ് ചിത്രത്തിൽ പ്രമേയം. ആനന്ദ് ശ്രീബാലയായ് അർജ്ജുൻ അശോകനും മെറിനായ് മാളവിക മനോജും വേഷമിടുന്ന ചിത്രത്തിലെ മറ്റ് സുപ്രധാന വേഷങ്ങൾ അപർണ്ണ ദാസ്, സൈജു കുറുപ്പ്, ധ്യാൻ ശ്രീനിവാസൻ, അജു വർഗീസ്, ഇന്ദ്രൻസ്, മനോജ് കെ യു, ശിവദ, അസീസ് നെടുമങ്ങാട്, കോട്ടയം നസീർ, നന്ദു, സലിം ഹസ്സൻ, കൃഷ്ണ, വിനീത് തട്ടിൽ, മാസ്റ്റർ ശ്രീപദ്, സരിത കുക്കു, തുഷാരപിള്ള തുടങ്ങിവരാണ് അഭിനയിക്കുന്നത്.ഛായാഗ്രഹണം: വിഷ്ണു നാരായണൻ, ചിത്രസംയോജനം: കിരൺ ദാസ്, സംഗീതം: രഞ്ജിൻ രാജ്, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ: ബിനു ജി നായർ, ലൈൻ പ്രൊഡ്യൂസേർസ്: ഗോപകുമാർ ജി കെ, സുനിൽ സിങ്, പ്രൊഡക്ഷൻ കൺട്രോളർ: ഷാജി പട്ടിക്കര, ടീസർ കട്ട്: അനന്ദു ഷെജി അജിത്, ഡിസൈൻ: ഓൾഡ് മോങ്ക്സ്, സ്റ്റീൽസ്: ലെബിസൺ ഗോപി, പിആർഒ & മാർക്കറ്റിംഗ്: വൈശാഖ് വടക്കേവീട്, ജിനു അനിൽകുമാർ.

# കുറ്റവാളികളുടെ മാനസിക പരിവർത്തനത്തിന് പ്രൊബേഷൻ സമ്പ്രദായം ഫലപ്രദം: മന്ത്രി ഡോ. ബിന്ദു

കുറ്റവാളികളുടെ മാനസിക പരിവർത്തനത്തിനും സാമൂഹിക പുനരധിവാസത്തിനും ഊന്നൽ നൽകി സമൂഹത്തിൽ കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള മികച്ച മാർഗമാണ് പ്രൊബേഷൻ സംവിധാനമെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു,

സംസ്ഥാനതല പ്രൊബേഷൻദിന പരിപാടിയുടെ ഉദ്ഘാടനം കേരള ലോ അക്കാദമി ഹാളിൽ ഓൺലൈൻ വഴി നിർവഹിക്കുകയായിരുന്നു മന്ത്രി. കുറ്റകൃത്യങ്ങളുടെ ആവർത്തനം തടയുന്നതിനും ജയിലുകൾ തടവുകാരെക്കൊണ്ട് തിങ്ങി നിറയുന്ന അവസ്ഥ ഒഴിവാക്കുന്നതിനും കുറ്റകൃത്യങ്ങൾ കുറഞ്ഞ സമൂഹം സൃഷ്ടിക്കുന്നതിനും പ്രൊബേഷൻ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നത് വഴി സാധിക്കും. സാമൂഹ്യ പ്രതിരോധ മേഖലയിൽ മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കിവരുന്ന സംസ്ഥാനമാണ് കേരളമെന്നും മന്ത്രി അറിയിച്ചു. കേരളത്തിന്റെ പ്രഥമ നിയമ മന്ത്രിയും പ്രഗൽഭനായ ന്യായാധിപനുമായിരുന്ന ജസ്റ്റിസ് വി ആർ കൃഷ്ണയ്യരുടെ ജന്മദിനമായ നവംബർ 15 പ്രൊബേഷൻ ദിനമായി സർക്കാർ ആചരിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യനീതി വകുപ്പ് പരിപാടി സംഘടിപ്പിച്ചത്.വി കെ പ്രശാന്ത് എം.എൽ.എ. അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്ലാനിങ് ബോർഡ് അംഗം പ്രൊഫ. മിനി സുകുമാർ, കേരള ലോ അക്കാദമി ഡയറക്ടർ പ്രൊഫ. കെ.അനിൽകുമാർ, ഡിപ്പാർട്ട്മെന്റ് ഓഫ് പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസസ് ചീഫ് വെൽഫെയർ ഓഫീസർ ലക്ഷ്മി കെ., സാമൂഹ്യനീതി ഡയറക്ടർ പ്രിയങ്ക ജി, അഡീഷണൽ ഡയറക്ടർ ജലജ എസ് തുടങ്ങിയവർ പങ്കെടുത്തു.പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട്, 1958 എന്ന വിഷയത്തിൽ കേരള നിയമസഭാ സെക്രട്ടറി ഡോ.എൻ. കൃഷ്ണകുമാർ, പ്രൊബേഷൻ സംവിധാനത്തിന്റെ സാമൂഹിക പ്രസക്തി എന്ന വിഷയത്തിൽ ഗവ. ലോ കോളേജ് അസിസ്റ്റന്റ് പ്രൊഫ. സഫി മോഹൻ, സാമൂഹ്യ പ്രതിരോധ മേഖലയിൽ നടപ്പിലാക്കുന്ന സർക്കാർ പദ്ധതികൾ എന്ന വിഷയത്തിൽ സാമൂഹ്യ നീതി ഡയറക്ടറേറ്റ് അസിസ്റ്റന്റ് ഡയറക്ടർ അഷ്റഫ് കാവിൽ എന്നിവർ ക്ലാസെടുത്തു.പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട്, 1958 പ്രകാരമുള്ള നല്ലനടപ്പ് സംവിധാനത്തെക്കുറിച്ചും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ മാനസിക പരിവർത്തനവും സാമൂഹിക പുനരധിവാസവും സംബന്ധിച്ചും സാമൂഹ്യ പ്രതിരോധ മേഖലയിൽ നടപ്പിലാക്കുന്ന സർക്കാർ പദ്ധതികളെക്കുറിച്ചും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുകയാണ് പ്രൊബേഷൻ ദിനാചരണത്തിന്റെ ലക്ഷ്യം.

# മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരേ ജാഗ്രത വേണം: മാർ ആൻഡ്രൂസ് താഴത്ത്

കൊച്ചി: മുനമ്പത്തേതു പോലുള്ള മനുഷ്യാവകാശ ലംഘനങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭരണകൂടങ്ങളും നിയമസംവിധാനവും ജാഗ്രത പുലർത്തണമെന്ന് സിബിസിഐ പ്രസിഡൻറും തൃശൂർ ആർച്ച്ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത്. കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ പ്രതിനിധികൾക്കൊപ്പം മുനമ്പം സമരപ്പന്തൽ സന്ദർശിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മുനമ്പത്തേത് ഏതെങ്കിലും മതവിഭാഗത്തിന്റെയോ രാഷ്ട്രീയ പാർട്ടിയുടെയോ സമരമല്ല. ഇതു മനുഷ്യാവകാശത്തിനുവേണ്ടിയുള്ള സമരമാണ്. ഭരണഘടന ഉറപ്പുതരുന്ന അവകാശങ്ങൾ സംരക്ഷിക്കാൻ എല്ലാവരും പ്രതിജ്ഞാബദ്ധരാകണം. വേദനിക്കുന്ന എല്ലാ മനുഷ്യരുടെയും കൂടെയാണ് ഭാരത കത്തോലിക്ക മെത്രാൻസമിതിയെന്നും ആർച്ച്ബിഷപ് പറഞ്ഞു.

# വർക്ക് നിയർ ഹോം പദ്ധതി: നിർമ്മാണ ഉദ്ഘാടനം നവംബർ 23ന്

വർക്ക് നിയർ ഹോം പദ്ധതിയുടെ ആദ്യ കേന്ദ്രത്തിന്റെ സംസ്ഥാനതല നിർമാണ ഉദ്ഘാടനം നവംബർ 23 ന് രാവിലെ 10:30 ന് കൊട്ടാരക്കരയിൽ ധനകാര്യവകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ നിർവ്വഹിക്കും. ഇരുന്നൂറിലധികം പ്രൊഫഷണലുകൾക്ക് ജോലി ചെയ്യാൻ സൗകര്യമൊരുക്കുന്ന കേന്ദ്രത്തിന്റെ നിർമ്മാണം അടുത്ത മാർച്ചിൽ പൂർത്തിയാകും. ഐ ടി/ഐ ടി അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് വീടിനടുത്ത് തൊഴിലെടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായാണ് സർക്കാർ 'വർക്ക് നിയർ ഹോം' പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ 10 വർക്ക് നിയർ ഹോം സെന്ററുകളാണ് സംസ്ഥാനത്ത് ആരംഭിക്കുന്നത്.

വികേന്ദ്രീകൃത മാതൃകയിൽ അത്യാധുനിക വർക്ക്സ്റ്റേഷൻ ശൃംഖല കേരളത്തിലാകെ സ്ഥാപിക്കുക എന്നതാണ് കെഡിസ്കിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന വർക്ക് നിയർ ഹോം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മൂന്ന് വർഷത്തിനുള്ളിൽ ഒരു ലക്ഷം പേർക്ക് വീടിനടുത്ത് തൊഴിൽ ചെയ്യുന്നതിനുള്ള സൗകര്യമാണ് വിഭാവനം ചെയ്യുന്നത്. സ്റ്റാർട്ടപ്പുകൾ, ഫ്രീലാൻസ് തൊഴിലിൽ ഏർപ്പെടുന്നവർ, ജീവനക്കാർക്ക് വിദൂരമായി ജോലി ചെയ്യാനുള്ള സൗകര്യം നൽകാൻ താല്പര്യമുള്ള സ്ഥാപനങ്ങൾ തുടങ്ങിവയ്ക്ക് പദ്ധതി പ്രയോജനപ്പെടും. നൈപുണ്യ പരിശീലനത്തിനുള്ള സൗകര്യവുമുണ്ട്.

കൊടിക്കുന്നിൽ സുരേഷ് എം പി, ഐ ടി സെക്രട്ടറി രത്തൻ ഖേൽക്കർ, ജില്ലാ കളക്ടർ എൻ. ദേവിദാസ്, ടെക്നോപാർക്ക് സി.ഇ.ഒ. സഞ്ജീവ് നായർ, കെഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി.വി. ഉണ്ണികൃഷ്ണണൻ തുടങ്ങിയവർ ഉദ്ഘാടനപരിപാടിയിൽ പങ്കെടുക്കുമെന്ന് അറിയിച്ചു.

# ഗ്രാമപഞ്ചായത്ത്,മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡ് വിഭജനം :കരട് വിജ്ഞാപനമായി

## *ആക്ഷേപങ്ങൾ ഡിസംബർ മൂന്ന് വരെ സമർപ്പിക്കാം

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുകൾ പുനർവിഭജിച്ചു കൊണ്ടുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. ജില്ലാകളക്ടർമാർ നൽകിയ കരട് നിർദ്ദേശങ്ങൾ പരിശോധിച്ച് പ്രസിദ്ധീകരിക്കുന്നതിന് ഡീലിമിറ്റേഷൻ കമ്മീഷൻ യോഗം അനുമതി നൽകി.

ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാനായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കമ്മീഷൻ അംഗങ്ങളായ ഡോ.രത്തൻ.യു. ഖേൽക്കർ, കെ.ബിജു, എസ്. ഹരികിഷോർ, ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറി എസ്.ജോസ്നമോൾ എന്നിവർ പങ്കെടുത്തു.

2024 ഡിസംബർ മൂന്ന് വരെ കരട് വിജ്ഞാപനം സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാം. ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ, ജില്ലാ കളക്ടർക്കോ നേരിട്ടോ രജിസ്ടേർഡ് തപാലിലോ ആക്ഷേപങ്ങൾ നൽകാം. ഡീലിമിറ്റേഷൻ കമ്മീഷന്റെ വിലാസം : സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ, കോർപ്പറേഷൻ ബിൽഡിംഗ് നാലാം നില, വികാസ്ഭവൻ പിഒ, തിരുവനന്തപുരം695033 ഫോൺ:0471 2335030. ആക്ഷേപങ്ങൾക്കൊപ്പം ഏതെങ്കിലും രേഖകൾ ഹാജരാക്കാനുണ്ടെങ്കിൽ അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകണം.

നിർദ്ദിഷ്ട വാർഡിന്റെ അതിർത്തികളും ജനസംഖ്യയും ഭൂപടവും ആണ് കരട് വിജ്ഞാപനത്തോടൊപ്പമുള്ളത്. കരട് വിജ്ഞാപനം അതത് തദ്ദേശ സ്ഥാപനങ്ങളിലും, ജില്ലാ കളക്ടറേറ്റുകളിലും https://www.delimitation.lsgkerala.gov.inshബ്സൈറ്റിലും പരിശോധനയ്ക്ക് ലഭ്യമാണ്.

ദേശീയതലത്തിലും സംസ്ഥാനതലത്തിലും അംഗീകാരമുള്ള രാഷ്ട്രീയപാർട്ടികൾക്കും കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയപാർട്ടികൾക്കും കരട് വിജ്ഞാപനത്തിന്റെ മൂന്ന് പകർപ്പുകൾ വീതം സൗജന്യമായി ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറി നൽകും. പകർപ്പ് ആവശ്യമുള്ള മറ്റുള്ളവർക്ക് പേജ് ഒന്നിന് മൂന്ന് രൂപയും ജി.എസ്.റ്റിയും തുക ഈടാക്കി നൽകും.

ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഡീലിമിറ്റേഷൻ കമ്മീഷൻ പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കും. ജില്ലാ കളക്ടർ മുഖേനയാണ് ഇത് സംബന്ധിച്ച അന്വേഷണം നടത്തുക. അന്വേഷണ ഉദ്യോഗസ്ഥർ ആവശ്യമെങ്കിൽ പരാതിക്കാരിൽ നിന്നും നേരിട്ട് വിവരശേഖരണം നടത്തും. ജില്ലാകളക്ടർ വ്യക്തമായ ശുപാർശകളോടു കൂടി ഡീലിമിറ്റേഷൻ കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കും. ആവശ്യമെങ്കിൽ പരാതിക്കാരെ നേരിൽ കേട്ട് കമ്മീഷൻ പരാതികൾ തീർപ്പാക്കും. അതിന് ശേഷം ആദ്യഘട്ട വാർഡ് പുനർവിഭജനത്തിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കും.

ഇതാദ്യമായാണ് ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് വാർഡുകൾ പുനർനിർണയിക്കുന്നതിന് എല്ലാ വാർഡുകളുടെയും അതിർത്തികൾ വരച്ചിട്ടുള്ളത്. ഇതിനായി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ ക്യൂഫീൽഡ് ആപ്പാണ് ഉപയോഗിച്ചത്. പൂർണമായും ഓപ്പൺ സോഴ്സ് സാങ്കേതികത അടിസ്ഥാനമാക്കിയാണ് ഈ ആപ്പിന്റെ ഉപയോഗം ക്രമീകരിച്ചിട്ടുള്ളത്.സംസ്ഥാനത്തെ മുഴുവൻ വാർഡ് വിഭജനവും കൃത്യതയോടെ മൊബൈൽ ആപ്ളിക്കേഷന്റെ സഹായത്തോടെ ഫീൽഡ് പ്രവർത്തനം നടത്തി മൂന്നാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞു.പൂർത്തീകരിച്ച മാപ്പുകൾ പൊതുജനങ്ങൾക്ക് കാണുവാനും പ്രിന്റ് എടുക്കുന്നതിനും പൂർണസുരക്ഷ ഉറപ്പാക്കി എച്ച്.റ്റി.എം.എൽ ഫോർമാറ്റിലാണ് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത്.2011 ലെ സെൻസസ് ജനസംഖ്യ അടിസ്ഥാനമാക്കി വാർഡുകളുടെ എണ്ണം പുതുക്കി നിശ്ചയിച്ചിരുന്നു. പഞ്ചായത്തുകളുടെ നിയോജകമണ്ഡലങ്ങളുടെ എണ്ണം നിശ്ചയിച്ച് തദ്ദേശസ്വയംഭരണവകുപ്പ് റൂറൽ ഡയറക്ടറും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവടങ്ങളിലെ വാർഡുകളുടെ എണ്ണം നിശ്ചയിച്ച് സർക്കാരും വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. സ്ത്രീകൾക്കും,പട്ടികജാതി, പട്ടികവർഗ്ഗവിഭാഗങ്ങൾക്കുമുള്ള സംവരണ വാർഡുകളുടെ എണ്ണവും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ മാനദണ്ഡപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 1375 വാർഡുകളും, മുനിസിപ്പാലിറ്റികളിൽ 128 വാർഡുകളും, കോർപ്പറേഷനുകളിൽ ഏഴ് വാർഡുകളും പുതുതായി നിലവിൽ വരും.

2024 സെപ്തംബർ 24 ന് വാർഡ് പുനർവിഭജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. മൂന്ന് ഘട്ടങ്ങളിലായാണ് പുനർവിഭജനപ്രക്രിയ നടക്കുന്നത്. ആദ്യഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവടങ്ങളിലും, രണ്ടാം ഘട്ടത്തിൽ ബ്ളോക്ക് പഞ്ചായത്തുകളിലും, മൂന്നാം ഘട്ടത്തിൽ ജില്ലാ പഞ്ചായത്തുകളിലും എന്നിങ്ങനെയാണ് വാർഡ് പുനർവിഭജനം നടത്തുന്നത്.

***തദ്ദേശസ്ഥാപനങ്ങളിലെ വാർഡുകൾ***

| | പുതുക്കിയ വാർഡുകൾ | നിലവിലുള്ളവാർഡുകൾ | പുതിയ വാർഡുകൾ |
|---|---|---|---|
| **ഗ്രാമപഞ്ചായത്ത്** | 17337 | 15962 | 1375 |
| **മുനിസിപ്പാലിറ്റി** | 3241 | 3113 | 128 |
| **കോർപ്പറേഷൻ** | 421 | 414 | 7 |
| ആകെ | 20999 | 19489 | 1510 |

# പട്ടം എസ് യുടി ആശുപത്രിയിൽ സൗജന്യ സിഒപിഡി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു

തിരുവനന്തപുരം: ലോക സിഒപിഡി ദിനത്തോടനുബന്ധിച്ച് എസ് യുടി ആശുപത്രിയിൽ നവംബർ 20ന് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ആശുപത്രിയിലെ പൾമനോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ക്യാമ്പിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് കൺസൾട്ടേഷനും P-FT യും സൗജന്യമായി ലഭ്യമാകും.

7902793097, 9745964777 എന്നീ നമ്പറുകളിൽ വിളിച്ച് നവംബർ 18ന് രജിസ്റ്റർ ചെയ്യുന്ന പ്രകാരം അപ്പോയിന്റ്മെന്റ് ലഭിക്കുന്നതാണ്. സിഒപിഡി രോഗനിവാരണം ലക്ഷ്യമിട്ടാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

# ഏവിയേഷൻ മേഖലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സൗജന്യ പരിശീലനവും തൊഴിലും

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഏവിയേഷൻ മേഖലയിൽ പരിശീലനവും തൊഴിലും നേടാൻ അവസരം. രണ്ട് മാസത്തെ പരിശീലനവും താമസവും സൗജന്യമാണ്. കേരള നോളെജ് ഇക്കോണമി മിഷനും സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പ്രൈഡ് (PRIDE) തൊഴിൽ പദ്ധതിയുടെ ഭാഗമായാണ് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഏവിയേഷൻ മേഖലയിൽ പരിശീലനം നൽകുന്നത്. സർക്കാർ നൽകുന്ന ട്രാൻസ്ജെൻഡർ തിരിച്ചറിയൽ കാർഡ്/സർട്ടിഫിക്കറ്റ് കൈവശമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കോഴ്സിന് അപേക്ഷിക്കാം. അവസാന തീയതി നവംബർ 27. ബിരുദമാണ് കുറഞ്ഞ വിദ്യാഭാസ യോഗ്യത. ഉയർന്ന പ്രായപരിധി 27 വയസ്സ്. അപേക്ഷകർ നോളെജ് ഇക്കോണമി മിഷന്റെ ഉണങ്ങട പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികളായിരിക്കണം.

സർട്ടിഫിക്കറ്റ് ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, കാർഗോ ഓപ്പറേഷൻസ് എക്സിക്യൂട്ടീവ്, കസ്റ്റമർ സർവീസ് ഏജന്റ് തുടങ്ങിയ കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്. കോഴ്സ് ഫീ സൗജന്യമായിരിക്കും. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ലഭിക്കുന്നതാണ്. അപേക്ഷിക്കുന്നവർക്ക് കോഴ്സുകളും തൊഴിൽ സാധ്യതകളും വിശദമാക്കുന്ന ഓൺലൈൻ ഓറിയന്റേഷൻ ക്ലാസ് നോളെജ് ഇക്കോണമി മിഷൻ നൽകുന്നതാണ്. കോഴ്സിനൊപ്പം ഇംഗ്ലീഷ് ഭാഷാ പരിശീലനം, അടിസ്ഥാന കമ്പ്യൂട്ടർ പരിശീലനം എന്നിവയും സൗജന്യമായി ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8714611479 എന്ന വാട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.

# സ്ട്രേ വേക്കൻസി അലോട്ട്മെന്റ്

കേരളത്തിലെ സർക്കാർ/എയ്ഡഡ് ആയുർവേദ കോളേജുകളിലേക്കും സ്വാശ്രയ ആയുർവേദ കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കുമുള്ള 202425 അധ്യയന വർഷത്തെ ആയുർവേദ ഡിഗ്രി/ഡിപ്ലോമ കോഴ്സ് പ്രവേശനത്തിനുള്ള ഒന്നാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ് www.c-e-e.k-er-a-l-a.gov.in ൽ പ്രസിദ്ധീകരിച്ചു. പ്രവേശനം നേടാനുള്ള അവസാന തീയതി നവംബർ 19 വൈകിട്ട് 4. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in.